20
2026
മേയ്
ബുധൻ
ഇടവം 6

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 103 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-103 | പേജ് 4. വില 2.00 രൂപ

02 തുടക്കത്തിലെ കൈയടി നേടി; സതീശന് അഭിനന്ദനങ്ങളുമായി എ.കെ.ആൻറണി

03 യുകെയിലെ ഏറ്റവും പ്രായം കുറഞ്ഞ മേയറായി ഇന്ത്യൻ വംശജൻ

04 ചാണ്ടി ഉമ്മനെ മന്ത്രിസഭയിൽ നിന്നൊഴിവാക്കിയതിൽ പ്രതിഷേധം

# കാലവർഷം കനക്കും

## ഏഴു ജില്ലകളിൽ യെല്ലോ അലർട്ട്



തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നും ശക്തമായ മഴയ്ക്ക് സാധ്യത. ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നുമുതൽ വ്യാഴാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്കും മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്.

ശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. ഇന്ന് പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് മുന്നറിയിപ്പുള്ളത്. ബുധനാഴ്ച ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം ജില്ലകളിലും വ്യാഴാഴ്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലും യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്.

വരുംമണിക്കൂറിൽ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ നേരിയ/ഇടത്തരം മഴയ്ക്കും മണിക്കൂറിൽ 40 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും; കൊല്ലം, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ നേരിയ മഴയ്ക്കും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

കിഴക്കൻ ഉത്തർപ്രദേശിൽ നിന്ന് തുടങ്ങി മധ്യ മഹാരാഷ്ട്ര, മറാത്ത്വാഡ, കർണാടകയുടെ ഉൾപ്രദേശങ്ങൾ, കേരളം എന്നിവയ്ക്ക് മുകളിലൂടെ ലക്ഷദ്വീപ് വരെ നീളുന്ന ന്യൂനമർദ്ദ പാത്തി രൂപപ്പെട്ടിരിക്കുന്നു.

തെക്കൻ ലക്ഷദ്വീപിനോട് ചേർന്നുള്ള തെക്കുകിഴക്കൻ അറബിക്കടലിൽ നിന്ന് തുടങ്ങി കേരളം, തെക്കൻ കർണാടകയുടെ ഉൾപ്രദേശങ്ങൾ, റായലസീമ എന്നിവയ്ക്ക് മുകളിലൂടെ തെക്കൻ തീരദേശ ആന്ധ്രാപ്രദേശിന് മുകളിലുള്ള ചക്രവാതച്ചുഴി വരെ നീളുന്ന മറ്റൊരു ന്യൂനമർദ പാത്തി തുടരുന്നു.

കാലവർഷം കേരളത്തിൽ മേയ് 26 ഓടെ എത്താൻ സാധ്യതയുണ്ട്. നാലു ദിവസം വരെ മുന്നോട്ടോ പിന്നോട്ടോ വ്യത്യാസം വരാൻ സാധ്യതയുണ്ട്. അടുത്ത അഞ്ചു ദിവസങ്ങളിൽ കേരളത്തിലും മാഹിയിലും ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

അതേസമയം, കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും ബുധനാഴ്ചയും മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്നും ബുധനാഴ്ചയും കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ മണിക്കൂറിൽ 60 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

## മേയ് മാസത്തെ ക്ഷേമ പെൻഷൻ 25 മുതൽ വിതരണം ചെയ്യും; 1070 കോടി രൂപ അനുവദിച്ചെന്ന് മുഖ്യമന്ത്രി വി. ഡി. സതീശൻ

തിരുവനന്തപുരം: സംസ്ഥാനത്തെ മേയ് മാസത്തെ സാമൂഹ്യ സുരക്ഷ - ക്ഷേമ നിധി ബോർഡ് പെൻഷനുകളുടെ വിതരണം ഈ മാസം 25 മുതൽ ആരംഭിക്കും. പെൻഷൻ വിതരണത്തിനായി 1070 കോടി രൂപ അനുവദിച്ചതായി മുഖ്യമന്ത്രി വി. ഡി. സതീശൻ അറിയിച്ചു. സംസ്ഥാനത്തെ ലക്ഷക്കണക്കിന് വരുന്ന ഗുണഭോക്താക്കൾക്ക് ആശ്വാസമേകുന്നതാണ് പുതിയ യുഡിഎഫ് സർക്കാരിൻറെ ഈ തീരുമാനം. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള കഴിഞ്ഞ യുഡിഎഫ് സർക്കാരിൻറെ കാലഘട്ടത്തിൽ 600 രൂപയായിരുന്നു ക്ഷേമ പെൻഷൻ നിരക്ക്.

തുടർന്നു വന്ന ഒന്നും രണ്ടും പിണറായി വിജയൻ സർക്കാരുകൾ ഘട്ടംഘട്ടമായാണ് പെൻഷൻ തുക 2000 രൂപയായി വർധിപ്പിച്ചത്. നിലവിലെ യുഡിഎഫ് തങ്ങളുടെ നിയമസഭാ തിരഞ്ഞെടുപ്പ് പ്രകടനപത്രികയിലൂടെ ക്ഷേമ പെൻഷൻ തുക 3000 രൂപയാക്കി ഉയർത്തുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്.

## ഗൺമാൻമാരുടെ രക്ഷാപ്രവർത്തനം; എസ്പി ഷൗക്കത്തലി അന്വേഷിക്കും

തിരുവനന്തപുരം: നവകേരളാ യാത്രയ്ക്കിടെ ആലപ്പുഴയിൽ വച്ച് മുൻ മുഖ്യമന്ത്രി പിണറായി വിജയൻറെ ഗൺമാൻമാർ യൂത്ത് കോൺഗ്രസ് പ്രവർത്തകരെ മർദ്ദിച്ച സംഭവത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചു. ആലപ്പുഴ ക്രൈംബ്രാഞ്ച് എസ്പി ഷൗക്കത്തലിയുടെ നേതൃത്വത്തിലായിരിക്കും അന്വേഷണം. 15 ദിവസത്തിനകം അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് നൽകാനും തീരുമാനിച്ചു. മുഖ്യമന്ത്രിയായി വി. ഡി. സതീശൻ അധികാരമേറ്റ ദിവസം തന്നെ സംഭവത്തിൽ പുനരന്വേഷണത്തിന് ഉത്തരവിടുകയായിരുന്നു.

2023 ഡിസംബറിലാണ് സംഭവമുണ്ടായത്. പിണറായി വിജയൻ നടത്തിയ നവകേരള യാത്രയ്ക്കിടെ ആലപ്പുഴയിൽ വെച്ച് കരിങ്കൊടി കാണിച്ച പ്രവർത്തകരെ ഗൺമാൻമാരായ അനിൽ കുമാറും സന്ദീപ്. എസും ചേർന്ന് മർദ്ദിക്കുകയായിരുന്നു. ഇതിൻറെ ദൃശ്യങ്ങൾ പുറത്തുവന്നതിന് പിന്നാലെ നടപടിയെ പിണറായി രക്ഷാപ്രവർത്തനമെന്ന് വിശേഷിപ്പിച്ചത് വലിയ വിവാദമായിരുന്നു.

## മന്ത്രിമാർക്ക് ഔദ്യോഗിക വസതികളായി; ചെന്നിത്തലയ്ക്ക് 'പമ്പ', കുഞ്ഞാലിക്കുട്ടിക്ക് 'ലൈന്ത്രസ്റ്റ്'

തിരുവനന്തപുരം: പുതിയ യുഡിഎഫ് മന്ത്രിസഭയിലെ മന്ത്രിമാർക്കുള്ള ഔദ്യോഗിക വസതികളുടെ കാര്യത്തിൽ നിലനിന്നിരുന്ന തർക്കങ്ങൾക്ക് പൂർണ പരിഹാരമായി.

പ്രമുഖ വസതികൾക്കായി ഒന്നിലധികം മന്ത്രിമാർ അവകാശവാദം ഉന്നയിച്ചിരുന്നെങ്കിലും, മുഖ്യമന്ത്രി വി.ഡി. സതീശൻറെ ഓഫീസ് നേരിട്ട് ഇടപെട്ട് നടത്തിയ ചർച്ചകൾക്കൊടുവിലാണ് അന്തിമ ധാരണയിലെത്തിയത്. മന്ത്രി മന്ദിരങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 3.96 കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്.

ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയുടെ വ്യക്തിപരമായ താൽപര്യം പരിഗണിച്ച് മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസിന് തൊട്ടടുത്തുള്ള 'പമ്പ' ബംഗ്ലാവാണ് അദ്ദേഹത്തിന് നൽകിയത്. കഴിഞ്ഞ പിണറായി വിജയൻ സർക്കാരിൽ പൊതുമരാമത്ത് മന്ത്രിയായിരുന്ന മുഹമ്മദ് റിയാസ് താമസിച്ചിരുന്ന വസതിയാണിത്.

ക്ലിഫ് ഹൗസിന് തൊട്ടടുത്തുള്ള മറ്റൊരു പ്രമുഖ മന്ദിരമായ 'അശോക' സണ്ണി ജോസഫിനും, മുസ്‌ലിം ലീഗ് നേതാവ് പി.കെ. കുഞ്ഞാലിക്കുട്ടിക്ക് 'ലൈന്ത്രസ്റ്റ്' ബംഗ്ലാവും അനുവദിച്ചു.

കോൺഗ്രസ് മന്ത്രിമാരിൽ കെ. മുരളീധരന് 'സാനഡു' ബംഗ്ലാവും, എ.പി. അനിൽകുമാറിന് 'കാവേരി'യും, പി.സി. വിഷ്ണുനാഥിന് 'നിള'യുമാണ് ഔദ്യോഗിക വസതികളായി നിശ്ചയിച്ചിരിക്കുന്നത്. മറ്റ് കോൺഗ്രസ് മന്ത്രിമാരായ എം. ലിജുവിന് 'അജന്ത', റോജി എം. ജോണിന് 'ഗ്രേസ്', ടി. സിദ്ധിഖിന് 'ഗംഗ', കെ.എ. തുളസിക്ക് 'പ്രശാന്ത്', ബിന്ദു കൃഷ്ണയ്ക്ക് 'തൈക്കാട് ഹൗസ്' എന്നിവയും അനുവദിച്ചിട്ടുണ്ട്.മുസ്‌ലിം ലീഗ്, മറ്റ് ഘടകകക്ഷി മന്ത്രിമാരുടെ വസതികളും ഇതോടൊപ്പം നിശ്ചയിച്ചു. ഒ.ജെ. ജനീഷിന് 'മൻമോഹൻ ബംഗ്ലാവ്', എൻ. ഷംസുദീന് 'നെസ്റ്റ്', കെ.എം. ഷാജിക്ക് 'പൗർണമി', പി.കെ. ബഷീറിന് 'ഉഷസ്', വി.ഇ. അബ്ദുൽ ഗഫൂറിന് 'കവടിയാർ ഹൗസ്' എന്നിവയാണ് ലഭിച്ചത്. കേരള കോൺഗ്രസ് പ്രതിനിധി മോൻസ് ജോസഫിന് 'പെരിയാർ', ആർഎസ്പി നേതാവ് ഷിബു ബേബി ജോണിന് 'എസ്സെൻഡേൻ', സി.പി. ജോണിന് 'റോസ് ഹൗസ്' എന്നിവയും അനുവദിച്ചു.

## കൂട്ടത്തോടെയുള്ള പ്രജനനം, സ്വവർഗ ഇണചേരൽ അറബിക്കടലിലെ കൂന്തലുകളുടെ പ്രത്യുൽപാദന രീതികൾ വെളിപ്പെടുത്തി സിഎംഎഫ്ആർഐ പഠനം

കൊച്ചി: കേരള തീരത്തോട് ചേർന്ന് വ്യാപകമായി കാണപ്പെടുന്ന കൂന്തലുകളുടെ (ഇന്ത്യൻ സ്‌ക്വിഡ് - യുറോറ്റിയൂത്തിയസ് ഡുവോസെലി) വിചിത്രവും സങ്കീർണ്ണവുമായ പ്രത്യുൽപാദന രീതികൾ വെളിപ്പെടുത്തി സിഎംഎഫ്ആർഐ പഠനം.

കൂട്ടത്തോടെയുള്ള പ്രജനനം, സ്വവർഗ ഇണചേരൽ, ഒരേ സമയം ഒന്നിലധികം പങ്കാളികളുമായുള്ള ഇണചേരൽ എന്നിവ ഈ കൂന്തലുകളിൽ സാധാരമാണെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) നടത്തിയ പഠനത്തിൽ കണ്ടെത്തി. കുറഞ്ഞ പ്രായത്തിലുള്ള പ്രജനനം, ഒന്നിലധികം തവണകളായുള്ള ഇണചേരൽ, ബീജസംഭരണം എന്നിവയുൾപ്പെടെയുള്ള സവിശേഷതകൾ ഈ കൂന്തലുകൾക്കുള്ളതായി കണ്ടെത്തി.സിഎംഎഫ്ആർഐയിലെ ഷെൽഫിഷ് ഫിഷറീസ് ഡിവിഷനിലെ ഡോ ഗീത ശശികുമാർ, ഡോ കെ കെ സജികുമാർ എന്നിവരുടെ നേതൃത്വത്തിലായിരുന്നു പഠനം. കൊച്ചി തീരത്തോട് ചേർന്നുള്ള മേഖലയിൽ നിന്ന് ശേഖരിച്ച കൂന്തലുകളിലാണ് പഠനം നടത്തിയത്.

വർഷത്തിൽ എല്ലാ മാസവും ഇണചേരുമെങ്കിലും ഒക്ടോബറിലാണ് ഏറ്റവും കൂടുതലായി നടക്കുന്നത്. ആറ് മാസം ആയുസ്സുള്ള ഇവ മൂന്ന് മാസം മുതൽ ഇണ ചേരാൻ തുടങ്ങും. ഗവേഷണത്തിന്റെ ഭാഗമായി പരിശോധിച്ച 232 പെൺകൂന്തലുകളിൽ 40 ശതമാനത്തിന്റെയും ശരീരത്തിൽ ബീജനിക്ഷേപം കണ്ടെത്തി. മിക്കവയിലും ഉയർന്ന തോതിലുള്ള ബീജനിക്ഷേപമുള്ളതിനാൽ മുട്ടയിടുന്നതിന് മുൻപ് ഇവ ഒന്നിലധികം ആൺകൂന്തലുകളുമായി ഇണചേരുന്നു എന്ന വ്യക്തമായി.

മാത്രമല്ല, ഇത്തരം ബീജനിക്ഷേപം ആൺകൂന്തലുകളുടെ ശരീരത്തിലും കണ്ടെത്തിയതോടെ ഇവ സ്വവർഗ ഇണചേരൽ നടത്തുന്നതായും തെളിഞ്ഞു.

മുമ്പ്, ഇന്ത്യക്ക് പുറത്ത് ആഴക്കടൽ കൂന്തലുകളിൽ ഇത്തരം സ്വവർഗ്ഗ ലൈംഗിക പെരുമാറ്റം രേഖപ്പെടുത്തിയിട്ടുണ്ട്. ആഴക്കടലിലെ വെളിച്ചമില്ലായ്മയാകാം ഇതിന് കാരണമാകുന്നതെന്നായിരുന്നു ശാസ്ത്രജ്ഞരുടെ നിഗമനം. സമാനമായ പെരുമാറ്റം ഡോൾഫിനുകളിലും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.എന്നാൽ, തീരക്കടൽ കൂന്തൽ ഇനത്തിൽ ഇത്തരം പെരുമാറ്റം കണ്ടെത്തുന്നത് ഇതാദ്യമായാണ്.

രാജ്യാന്തര ശാസ്ത്ര ജേണലായ 'ജേണൽ ഓഫ് നാച്ചുറൽ ഹിസ്റ്ററി'യിൽ ഈ പഠനം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഇന്ത്യയിലെ ഏറ്റവും മൂല്യമേറിയ സമുദ്രവിഭവങ്ങളിലൊന്നായ കൂന്തലുകളുടെപ്രജനന വ്യവസ്ഥയെക്കുറിച്ചുള്ള ഈ കണ്ടെത്തൽ മത്സ്യലഭ്യത വിലയിരുത്തുന്നതിനും, ഫലപ്രദമായ സംരക്ഷണ-പരിപാലന മാർഗ്ഗങ്ങൾ രൂപീകരിക്കുന്നതിനും ഏറെ സഹായകരമാകും. കൂന്തൽ പ്രജനന ചക്രത്തെക്കുറിച്ച് കൂടുതൽ വ്യക്തത വരാൻ ഇവയുടെ പെരുമാറ്റത്തെയും ശരീരശാസ്ത്രത്തെയും കുറിച്ച് വിശദമായ പഠനങ്ങൾ ആവശ്യമാണെന്നും സിഎംഎഫ്ആർഐ ഗവേഷകർ പറഞ്ഞു.







# മഴക്കാല മുന്നൊരുക്കങ്ങൾ പൂർത്തിയായി: കളക്ടർ

കൊല്ലം : മഴക്കാലത്ത് പ്രതീക്ഷിക്കുന്ന ദുരിതങ്ങൾ നേരിടാൻ ജില്ലാ സജ്ജമെന്ന് ജില്ലാ കളക്ടറും ജില്ലാ ദുരന്തനിവാരണ അഥോറിറ്റി ചെയർമാനുമായ എൻ. ദേവിദാസ് ചേമ്പറിൽ ചേർന്ന അവലോകനയോഗത്തിൽ അറിയിച്ചു.

ഉയർന്നതോതിലുള്ള മഴ സാധ്യത കണക്കിലെടുത്ത് ജില്ലാ, താലൂക്ക്, പഞ്ചായത്ത് തലങ്ങളിൽ തഹസിൽദാർമാരുടെ നേതൃത്വത്തിൽ ഇൻസിഡൻറൽ റെസ്പോൺസ് ടീമുകളെ സജ്ജമാക്കിയാണ് മുന്നൊരുക്കം പൂർത്തിയാക്കിയത്.

വെള്ളക്കെട്ട് നിയന്ത്രിക്കുന്നതിന് തയാറെടുപ്പുകളായി. ദേശീയപാതയിലും ഇതര റോഡുകളിലെയും ഓടകളുടെ ശുചീകരണം നടത്തുന്നു. ജലാശയങ്ങളുടെ ശുചീകരണ-നവീകരണപ്രവർത്തികളും തുടരുന്നു. പാതയോരങ്ങളിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ നീക്കംചെയ്യും.

മണ്ണിടിച്ചിൽ സാധ്യതാ പ്രദേശങ്ങളിൽ ജാഗ്രതാ നിർദേശങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കും. സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷാ നടപടികളും കൈക്കൊള്ളും. പരവൂർ പൊഴിയിൽ അടിഞ്ഞ മണ്ണ് നീക്കംചെയ്യും. പകർച്ചവ്യാധി പ്രതിരോധപ്രവർത്തനങ്ങൾ ആരംഭിച്ചു.

എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും പ്രതിരോധത്തിനും ചികിത്സയ്ക്കും ആവശ്യമായ മരുന്നുകൾ, പാമ്പുകടി ചികിത്സയ്ക്കുള്ള ആൻറിവെനം, പേവിഷ വാക്സിൻ എന്നിവയുടെ ലഭ്യത ഉറപ്പാക്കി.തഴവയിൽ സൈക്ലോൺ ഷെൽട്ടർ സജ്ജമാക്കും. ദുരിതാശ്വാസ ക്യാമ്പുകൾക്കായി ഒരുക്കുന്ന കെട്ടിടങ്ങളിലും സൗകര്യങ്ങൾ ഉറപ്പാക്കും. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കാലാവസ്ഥാ മുന്നറിയിപ്പുകൾക്കനുസൃതമായി നിയന്ത്രണങ്ങൾ ഏർപ്പെടുത്തും.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തര സാഹചര്യങ്ങൾ നേരിടാൻ അഗ്നിശമനസേന നിഷ്കർഷിച്ച സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിന് നിർദേശിച്ചു. തീരസംരക്ഷണത്തിന് ജിയോബാഗുകൾ ഉറപ്പാക്കണം. ബീച്ചുകളിൽ കൂടുതൽ ലൈഫ് ഗാർഡുകളെ നിയമിക്കുന്നതിനും നടപടിയുണ്ടാകും.ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വാഹനങ്ങൾ ഉറപ്പാക്കണമെന്നും ജില്ലാ കളക്ടർ നിർദേശിച്ചു. സബ് കളക്ടർ അഖിൽ വി. മേനോൻ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# പഞ്ച് ഇത്തിരി കുറഞ്ഞാലും ജാതിവാലുകൾ ചുമക്കാത്തതാണ് നല്ലത്": സതീശനെ ട്രോളി ജിൻറോ ജോൺ

കെഎസ്ആർടിസിയിൽ സ്ത്രീകൾക്ക് സൗജന്യയാത്ര; ഗതാഗത മന്ത്രി അടിയന്തര യോഗം വിളിച്ചു

തിരുവനന്തപുരം: കെഎസ്ആർടിസി ബസുകളിലെ സ്ത്രീകളുടെ സൗജന്യ യാത്രാ പദ്ധതിയുമായി ബന്ധപ്പെട്ട് ഗതാഗത മന്ത്രി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു. ബുധനാഴ്ച ചേരുന്ന യോഗത്തിൽ പദ്ധതിയുടെ പ്രായോഗിക വശങ്ങളും സാമ്പത്തിക ബാധ്യതകളും ചർച്ചയാകും.

ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ ബസുകളിൽ സൗജന്യയാത്ര അനുവദിക്കാനാണ് ആലോചന. അങ്ങനെയെങ്കിൽ പ്രതിമാസം 60 കോടി രൂപ സർക്കാർ കെഎസ്ആർടിസിക്ക് സബ്സിഡിയായി നൽകേണ്ടി വരും. പന്ത്രണ്ട് ലക്ഷത്തോളം സ്ത്രീ യാത്രക്കാർ പ്രതിദിനം സഞ്ചരിക്കുന്നുവെന്നാണ് ഏകദേശ കണക്ക്.

ജൂൺ 15 മുതൽ പദ്ധതി പ്രാബല്യത്തിൽ വരുമെന്ന് മുഖ്യമന്ത്രി പറഞ്ഞിരുന്നു. പദ്ധതി നടപ്പാക്കിയ കർണാടകയിൽ എസി, സ്ലീപ്പർ ബസുകളിൽ സൗജന്യമില്ല. തമിഴ്നാട്ടിൽ ഓർഡിനറി ബസുകളിൽ മാത്രമാണ് ആനുകൂല്യം. അതേസമയം പദ്ധതിയിൽ ആശങ്ക പ്രകടിപ്പിച്ച സ്വകാര്യ ബസുടമകളുമായി സർക്കാർ ചർച്ച നടത്തും. സൗജന്യ യാത്ര പ്രഖ്യാപിക്കുന്നതോടെ വലിയൊരു വിഭാഗം യാത്രക്കാരും കെഎസ്ആർടിസിയിലേക്ക് മാറുമെന്നും ഇത് തങ്ങളുടെ വരുമാനത്തെ തകർക്കുമെന്നുമാണ് സ്വകാര്യ ബസുടമകളുടെ ആശങ്ക. ഉദ്യോഗസ്ഥ തല ചർച്ചയ്ക്ക് ശേഷം ബസുടമകളുടെ പരാതികൾ പരിഹരിക്കാനുള്ള ചർച്ചകളിലേക്ക് സർക്കാർ കടക്കും.

# തെരുവുനായ്ക്കളെ പുനരധിവാസ കേന്ദ്രങ്ങളിലേക്ക് മാറ്റണമെന്ന ഉത്തരവ് പിൻവലിക്കില്ലെന്ന് സുപ്രീം കോടതി

ന്യൂഡൽഹി: രാജ്യത്തെ പൊതുസ്ഥലങ്ങളിൽ നിന്നും തെരുവുനായ്ക്കളെ പുനരധിവാസ കേന്ദ്രങ്ങളിലേക്ക് മാറ്റണമെന്ന ഉത്തരവ് പിൻവലിക്കാൻ വിസമ്മതിച്ച് സുപ്രീം കോടതി. നവംബർ ഏഴിലെ തങ്ങളുടെ മുൻ വിധിക്കെതിരേ സമർപ്പിക്കപ്പെട്ട പുനഃപരിശോധനാ ഹർജികൾ കോടതി പൂർണമായും തള്ളി.

ആനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യ മുന്നോട്ടുവച്ച സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജറിൽ ഇടപെടാൻ യാതൊരു കാരണവുമില്ലെന്ന് ജസ്റ്റീസുമാരായ വിക്രം നാഥ്, സന്ദീപ് മേത്ത, എൻ. ജെ. അൻജാരിയാ എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി.

പൊതു സുരക്ഷയ്ക്ക് ഭീഷണിയാകുന്ന തെരുവുനായകൾക്കെതിരെ ശക്തമായ നടപടിയെടുക്കണം. വിധി പൂർണമായ അർഥത്തിൽ നടപ്പിലാക്കുന്നതിനായി സുപ്രീം കോടതി രാജ്യത്തെ സംസ്ഥാനങ്ങൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കേന്ദ്ര സർക്കാരിനും കർശനമായ പുതിയ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

തദ്ദേശീയമായ സാഹചര്യങ്ങൾക്കനുസരിച്ച് ഈ വിധി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ രാജ്യത്തെ എല്ലാ ഹൈക്കോടതികൾക്കും സുപ്രീം കോടതി നേരിട്ട് നിരീക്ഷണ ചുമതല കൈമാറി. സംസ്ഥാനങ്ങളിലെ ചീഫ് സെക്രട്ടറിമാരും കേന്ദ്ര സർക്കാരും ഈ ഉത്തരവ് നടപ്പിലാക്കിയതിൻറെ കൃത്യമായ പുരോഗതി റിപ്പോർട്ട് ഓഗസ്റ്റ് ഏഴിനകം ഹൈക്കോടതികൾക്ക് മുൻപാകെ സമർപ്പിക്കണം. തുടർന്ന് ഹൈക്കോടതികൾ നൽകുന്ന ഏകീകൃത റിപ്പോർട്ട് നവംബർ 17ന് സുപ്രീം കോടതി പരിശോധിക്കും.

# തുടക്കത്തിലെ കൈയടി നേടി; സതീശന് അഭിനന്ദനങ്ങളുമായി എ. കെ. ആൻറണി

തിരുവനന്തപുരം: തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ നടപ്പിലാക്കാൻ ആദ്യ ക്യാബിനറ്റിൽ തന്നെ തീരുമാനിച്ച വി. ഡി. സതീശൻ സർക്കാരിനെ അഭിനന്ദിച്ച് എ. കെ. ആൻറണി. ബാലഗോപാൽ പറയുന്നു ഖജനാവ് പാപ്പരല്ലെന്ന്. എന്നാൽ പൂർണമായി തകർന്നടിഞ്ഞ സാമ്പത്തിക നിലയാണ് സംസ്ഥാനത്തുള്ളതെന്നും ആൻറണി പറഞ്ഞു.

മന്ത്രിമാരുടെ വകുപ്പ് വിഭജനം നീളുന്നതിനെക്കുറിച്ച് ആശങ്കവേണ്ട. ഒരു വലിയ പ്രതിഭകളുടെ നിരയാണ് ഇത്തവണ സഭയിലെത്തിയിരിക്കുന്നത്. യുഡിഎഫിൽ ഇത്രയധികം വനിതാ എംഎൽഎമാരും, യുവ എംഎംഎമാരും, പട്ടികജാതി വിഭാഗത്തിൽ നിന്നുള്ള എംഎൽഎമാരും ഒരുമിച്ച് ഉണ്ടായിട്ടില്ലെന്ന് ആൻറണി ചൂണ്ടിക്കാട്ടി.

കമ്യൂണിസ്റ്റ് കോട്ടയായ കോങ്ങാട് മണ്ഡലത്തിൽ തുളസി നേടിയത് അതിശയിപ്പിക്കുന്ന വിജയമാണ്. വലിയ പോരാട്ടങ്ങളിലൂടെ ഉയർന്നുവന്ന നേതാവാണ് തുളസി. മാറിമാറി വന്ന ഗവൺമെൻറുകൾ ആയിരക്കണക്കിന് കോടി രൂപയാണ് അട്ടപ്പാടിയിൽ ഒഴുക്കിയത്. എന്നാൽ അവിടെ ഇനിയും വികസനമെത്തേണ്ടതുണ്ട്.

അതുകൊണ്ട് അട്ടപ്പാടിയുടെ കാര്യത്തിൽ ഒരു പ്രത്യേക കണ്ണ് വേണമെന്ന് താൻ തുളസിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടീം യുഡിഎഫ് മികച്ച മുന്നേറ്റം നടത്തുമെന്നും എ. കെ. ആൻറണി വ്യക്തമാക്കി.

# വന്ദേമാതരം പൂർണമായും ആലപിച്ചത് ബോധപൂർവം: സംഘപരിവാർ അജണ്ട നടപ്പിലാക്കാനുള്ള ശ്രമമെന്ന് മുഹമ്മദ് റിയാസ്

തിരുവനന്തപുരം: യുഡിഎഫ് സർക്കാരിൻറെ സത്യപ്രതിജ്ഞാ ചടങ്ങിൽ വന്ദേമാതരം പൂർണമായും ആലപിച്ച സംഭവത്തിൽ രൂക്ഷവിമർശനവുമായി പി. എ. മുഹമ്മദ് റിയാസ്.

ഇത് സംഘപരിവാർ അജണ്ട നടപ്പിലാക്കാനുള്ള ശ്രമമാണെന്നും എൽഡിഎഫ് സർക്കാരിൻറെ സത്യപ്രതിജ്ഞയായിരുന്നെങ്കിൽ വന്ദേമാതരം ആറു വരികളും ആലപിക്കില്ലായിരുന്നെന്നും റിയാസ് പ്രതികരിച്ചു.

വന്ദേമാതരത്തിൻറെ ആദ്യ വരികൾ മാത്രം പാടിയാൽ കുഴപ്പമില്ല. പിന്നീടുള്ള നാല് ഈരടികളിൽ ബഹുസ്വര സമൂഹത്തിന് അംഗീകരിക്കാൻ കഴിയാത്ത കാര്യങ്ങളാണുള്ളത്. ഇന്ത്യയുടെ ദേശീയ വികാരങ്ങളെ തെറ്റായി വ്യാഖ്യാനിക്കുന്ന ഭാഗത്തെ കോൺഗ്രസ് ഒഴിവാക്കണമായിരുന്നു. വന്ദേമാതരം പൂർണമായി പാടിയത് മതേതരത്വത്തിന് വലിയ വെല്ലുവിളിയാണ്.

ഇത് വരുംദിവസങ്ങളെക്കുറിച്ച് കടുത്ത ആശങ്കയുണ്ടാക്കുന്നതാണെന്നും റിയാസ് പറഞ്ഞു. വന്ദേമാതരം പൂർണമായി പാടിപോകണമെന്നുള്ളത് സംഘപരിവാറിൻറെ അജണ്ടയാണ്.

ചടങ്ങിൽ ഇത് പൂർണരൂപത്തിൽ ആലപിച്ചത് ബോധപൂർവമാണ്. രാഷ്ട്രീയ അജണ്ട, സംഘപരിവാർ അജണ്ട, മതവർഗീയത കൊണ്ടുവരാനുള്ള അജണ്ട എന്നിവ ഇതിന് പിന്നിൽ ഉണ്ടെന്നും അദ്ദേഹം പറഞ്ഞു.

# മുൻമന്ത്രി ടി. യു. കുരുവിള ഗുരുതരാവസ്ഥയിൽ; തീവ്ര പരിചരണ വിഭാഗത്തിൽ

കൊച്ചി: മുൻമന്ത്രിയും കേരള കോൺഗ്രസ് നേതാവുമായ ടി. യു. കുരുവിള ആശുപത്രിയിൽ. മെയ് 12ന് ആണ് ശ്വസതടസം അടക്കമുള്ള പ്രശ്നങ്ങളെ തുടർന്ന് കുരുവിളയെ കൊച്ചി ആസ്റ്റർ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. നിലവിൽ തീവ്രപരിചരണ വിഭാഗത്തിൽ തുടരുകയാണ്. ആരോഗ്യനിലയിൽ പുരോഗതിയില്ലെന്നാണ് വിവരം.

വി. എസ്. അച്യുതാനന്ദൻ മന്ത്രിസഭയിൽ പൊതുമരാമത്ത് മന്ത്രിയായിരുന്നു. 2006,2011 വർഷങ്ങളിൽ കോതമംഗലത്ത് നിന്നും തുടർച്ചയായി നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. നിലവിൽ കേരള കോൺഗ്രസ് എം വിഭാഗത്തിന്റെ വൈസ് ചെയർമാനാണ്.

# റോയൽ ഓർഡർ ഓഫ് ദ പോളാർ സ്റ്റാർ; നരേന്ദ്ര മോദിക്ക് സ്വീഡൻെറ പരമോന്നത ബഹുമതി

സ്റ്റോക്ഹോം: സ്വീഡൻറെ പരമോന്നത ബഹുമതിയായ റോയൽ ഓർഡർ ഓഫ് ദ് പോളാർ സ്റ്റാർ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് സമ്മാനിച്ചു. ദ്വിദിന സന്ദർശനത്തിനായി ഞായറാഴ്ചയാണ് മോദി സ്വീഡനിലെത്തിയത്. സ്വീഡിഷ് പ്രധാനമന്ത്രി ഉൾഫ് ക്രിസ്റ്റർസൻ മോദിയെ ഗോതൻബെർഗ് വിമാനത്താവളത്തിൽ സ്വീകരിച്ചു. തുടർന്ന് വ്യാപാരം, പ്രതിരോധം, സാങ്കേതികവിദ്യ തുടങ്ങിയ വിഷയങ്ങളിൽ ഇരുനേതാക്കളും ചർച്ച നടത്തി.

സ്വീഡനുമായുള്ള ബന്ധം ഊഷ്മളമാക്കുന്നതിൽ ശ്രദ്ധേയ സംഭാവനകൾ നൽകിയ പ്രമുഖർക്കായി 1748 മുതൽ നൽകി വരുന്ന ബഹുമതിയാണിത്. ഇതോടെ മോദിക്കു ലഭിച്ച രാജ്യാന്തര അംഗീകാരങ്ങളുടെ എണ്ണം 31 ആയി. 1921ൽ സ്റ്റോക്കോം സന്ദർശിച്ചപ്പോൾ രബീന്ദ്രനാഥ ടഗോർ കവിത കുറിച്ച രണ്ട് കാർഡുകളുടെ പകർപ്പും മോദിക്ക് സമ്മാനിച്ചു.

സ്വീഡനിലെ ഇന്ത്യൻ സമൂഹത്തെയും മോദി കണ്ടു. സ്വീഡിഷ് ഓപറ ഗായിക ഷാർലറ്റ് ഹൾഡറ്റ് വൈഷ്ണവ ജനതോ ഭജൻ പാടിയാണ് മോദിയെ വരവേറ്റത്. ഇന്ത്യ - യൂറോപ്പ് വ്യാപാരബന്ധവും നിക്ഷേപ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിൻറെ ഭാഗമായി വ്യാപാര, വ്യവസായ രംഗത്തെ പ്രമുഖരുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും.

# താമരശേരിയിൽ രണ്ട് പേർക്ക് പാമ്പുകടിയേറ്റു

കോഴിക്കോട്: താമരശേരിയിൽ ഒരു ദിവസത്തെ ഇടവേളയിൽ രണ്ട് പേർക്ക് പാമ്പ് കടിയേറ്റു. പത്ത് വയസുള്ള കുട്ടിയും സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന യുവാവുമാണ് ചികിത്സയിലുള്ളത്.

കോരങ്ങാട് സ്വദേശി യൂസഫിൻറെ മകൻ മുഹമ്മദ് റയാനും തച്ചംപൊയിൽ ചാലക്കരയിലെ സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന കൊയിലാണ്ടി നടേരി സ്വദേശി ചാമവളപ്പിൽ ഷെമീദി(21)നുമാണ് പാമ്പ് കടിയേറ്റത്.

കഴിഞ്ഞ ദിവസം വൈകുന്നേരം ആറോടെയാണ് വയലിൽ കളിച്ചുകൊണ്ടിരിക്കുന്നതിനിടെ റയാന് അപകടം സംഭവിച്ചത്. ഉടൻ തന്നെ താമരശേരി താലൂക്ക് ആശുപത്രിയിൽ പ്രാഥമിക ചികിത്സ നൽകിയ ശേഷം കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി.

തിങ്കളാഴ്ച രാത്രി എട്ടോടെ താമരശേരി-കൊയിലാണ്ടി സംസ്ഥാന പാതയിൽ കാരാടിയിൽ വെച്ചാണ് ഷെമീദിന് കടിയേറ്റത്. കടിച്ചത് ഏത് ഇനത്തിൽപ്പെട്ട പാമ്പാണെന്ന് തിരിച്ചറിഞ്ഞിട്ടില്ല. താമരശേരി താലൂക്ക് ആശുപത്രിയിൽ പ്രാഥമിക ചികിത്സ നൽകിയ ശേഷം യുവാവിനെ കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് മാറ്റി.

# കെഎസ്ആർടിസിയിലെ സൗജന്യ യാത്രയ്ക്ക് സതീശൻ വീട്ടിൽ നിന്ന് പണം കൊണ്ടുവരണം: എം. എം. മണി

ഇടുക്കി: കെഎസ്ആർടിസി ബസിലെ സ്ത്രീകളുടെ സൗജന്യ യാത്രയെ വിമർശിച്ച് സിപിഎം നേതാവ് എം. എം. മണി. സൗജന്യ യാത്ര നടത്തണമെന്നുണ്ടെങ്കിൽ വി. ഡി. സതീശൻ സ്വന്തം വീട്ടിൽ നിന്ന് പണം കൊണ്ടുവരട്ടെയെന്നും അദ്ദേഹം പറഞ്ഞു.

സൗജന്യ യാത്ര പ്രഖ്യാപിക്കാൻ എളുപ്പമാണ്. പക്ഷെ അതിനുള്ള പണം സതീശൻ എങ്ങനെ ഉണ്ടാക്കുമെന്ന് നമുക്ക് കാണാമെന്നും മണി പരിഹസിച്ചു. ജൂൺ 15 മുതൽ സ്ത്രീകൾക്ക് സൗജന്യ യാത്ര അനുവദിക്കാനുള്ള സർക്കാരിൻറെ തീരുമാനം വന്നതിനു പിന്നാലെയാണ് വിമർശനവുമായി മണി രംഗത്തെത്തിയത്.

ഗാന്ധിജിയെ കൊന്നവരുടെ കൈയിൽ രാജ്യം എത്തിച്ചു കൊടുത്തവരാണ് സതീശൻറെ പാർട്ടി. അങ്ങനെയുള്ളവർ കൊണ്ടുവരുന്ന വികസനം എങ്ങനെയുള്ളതാണെന്ന് കാത്തിരുന്ന് കാണാം.

പിണറായി വിജയനും എം. വി. ഗോവിന്ദനും എതിരെ ഉയർന്ന വിമർശനങ്ങളെ അദ്ദേഹം തള്ളിക്കളഞ്ഞു.

പിണറായി വിജയനെ പ്രതിപക്ഷ നേതാവാക്കിയതിൽ പാർട്ടിക്കുള്ളിൽ യാതൊരു എതിർപ്പുമില്ല. വ്യക്തികളെ കേന്ദ്രീകരിച്ച് വിമർശനം നടത്തേണ്ട കാര്യമില്ല. തെരഞ്ഞെടുപ്പിൽ തോറ്റത് കൊണ്ട് ഞങ്ങളെ ഒരു പുല്ലും ചെയ്യാൻ ആർക്കും കഴിയില്ലെന്നും മണി കൂട്ടിച്ചേർത്തു.

# റിസോർട്ട് ജീവനക്കാരനെ വനത്തിൽ കാണാതായി; തിരച്ചിൽ തുടരുന്നു

കോഴിക്കോട്: റിസോർട്ട് ജീവനക്കാരനെ വനത്തിൽ കാണാതായി പരാതി. ഊട്ടി കോത്തേരി സ്വദേശി സതീഷിനെ(33) ആണഅ കാണാതായത്.

കോഴിക്കോട് പൂവാറൻതോട് റിസോർട്ടിലെ ജോലിക്കാരനാണ് ഇയാൾ. കഴിഞ്ഞ ഞായറാഴ്ച രാവിലെ തമ്പുരാൻ കൊല്ലിയിൽ നിന്ന് വനത്തിലേക്ക് കയറിപ്പോയതായാണ് വിവരം. പിന്നീട് ഇയാൾ തിരിച്ചെത്തിയില്ല.

പരാതി ലഭിച്ചതിനെ തുടർന്ന് ഇന്ന് രാവിലെ മുതൽ പോലീസും വനപാലകരും വനത്തിൽ പരിശോധന ആരംഭിച്ചു. നാട്ടുകാരും തിരച്ചിൽ സംഘത്തിൽ ഉൾപ്പെട്ടിട്ടുണ്ട്.

# ഉത്തരാഖണ്ഡ് മുൻ മുഖ്യമന്ത്രി ഭുവൻ ചന്ദ്ര ഖണ്ഡൂരി അന്തരിച്ചു

ഡെറാഡൂൺ: ഉത്തരാഖണ്ഡ് മുൻ മുഖ്യമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ റിട്ട. മേജർ ജനറൽ ഭുവൻ ചന്ദ്ര ഖണ്ഡൂരി(91) അന്തരിച്ചു. വാർധക്യസഹജമായ അസുഖത്തെതുടർന്ന് ചികിത്സയിലിരിക്കെ ഡെറാഡൂണിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു മരണം.

മകളും ഉത്തരാഖണ്ഡ് നിയമസഭാ സ്പീക്കറുമായ ഋതു ഖണ്ഡൂരി ഭൂഷൺ ആണ് മരണവിവരം പുറത്തുവിട്ടത്. ഇന്ത്യൻ ആർമിയിൽ നിന്ന് മേജർ ജനറൽ ആയി വിരമിച്ച ശേഷമാണ് ഖണ്ഡൂരി സജീവ രാഷ്ട്രീയത്തിലേക്ക് പ്രവേശിച്ചത്.

ജനറൽ സാഹിബ് എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. രണ്ട് തവണ ഉത്തരാഖണ്ഡ് മുഖ്യമന്ത്രിയായി. 2007-ലാണ് ആദ്യമായി മുഖ്യമന്ത്രി കസേരയിലെത്തുന്നത്. 2009-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്തെ അഞ്ച് സീറ്റുകളിലും ബിജെപി പരാജയപ്പെട്ടതിനെ തുടർന്ന് രാജിവെച്ചു. 2011-ൽ വീണ്ടും മുഖ്യമന്ത്രിയായി. അടൽ ബിഹാരി വാജ്പേയ് സർക്കാരിൽ റോഡ് ഗതാഗത ഹൈവേ വകുപ്പ് മന്ത്രിയായിരുന്നു.

# 'തോറ്റ ശേഷം സഖാക്കളെ അപമാനിച്ചു', പ്രതിഭയ്ക്കെതിരെ ആലപ്പുഴ ജില്ലാ കമ്മറ്റിയിൽ രൂക്ഷ വിമർശനം

ആലപ്പുഴ: കായംകുളം മുൻ എംഎൽഎ യു. പ്രതിഭയ്ക്കെതിരെ ആലപ്പുഴ ജില്ലാ കമ്മറ്റിയിൽ രൂക്ഷ വിമർശനം. തെരഞ്ഞെടുപ്പ് പ്രചരണത്തിനിറങ്ങിയ സഖാക്കളെ തോറ്റ ശേഷം അപമാനിച്ചെന്നും പണിയെടുത്തില്ലെന്ന് പറയുന്നത് എന്തടിസ്ഥാനത്തിലാണെന്നും ജില്ലാ കമ്മിയിയിൽ വിമർശനം ഉയർന്നു.

പ്രതിഭക്കെതിരായ വികാരം കായംകുളത്തുണ്ടായിരുന്നു. പ്രതിഭയുടെ പല പരാമർശങ്ങളും ജനങ്ങളെ എതിരാക്കിയിട്ടുണ്ട്. പാർട്ടിക്കുള്ളിൽ പറയേണ്ടത് മാധ്യമങ്ങളോടല്ല പറയേണ്ടിയിരുന്നത് എന്നും വിമർശനം ഉയർന്നു. കൂടാതെ തെരഞ്ഞെടുപ്പ് പരാജയത്തിൽ പാർട്ടി നേതൃത്വത്തിനെതിരെയും കടുത്ത വിമർശനമാണ് ഉയർന്നുവന്നത്.

പരാജയം നേതാക്കളുടെ ധാർഷ്ട്യത്തിന് കിട്ടിയ തിരിച്ചടിയാണെന്നും ഉൾപാർട്ടി ജനാധിപത്യവും ചർച്ചയും പാർട്ടിയിൽ കുറയുന്നു, തീരുമാനങ്ങൾ ഏകപക്ഷീയമായി അടിച്ചേൽപ്പിക്കുന്നു, ഏരിയാ കമ്മിറ്റികളുടെ അഭിപ്രായങ്ങൾ കേൾക്കാൻ തയ്യാറാകുന്നില്ല, അമ്പലപ്പുഴയിൽ വികസന നായകൻ എന്ന ജി സുധാകരൻറെ പ്രതിച്ഛായയെ മറികടക്കാനായില്ല എന്നീ വിമർശനങ്ങളാണ് ഉയർന്നത്.

# ഡൽഹിയിൽ ബസ് ഡിവൈഡറിലിടിച്ചു

ന്യൂഡൽഹി: ഡൽഹിയിലെ രാജ്ഘട്ടിൽ ബസ് ഡിവൈഡറിലിടിച്ചു. ബസിൻറെ ബ്രേക്ക് തകരാറിലായതിനെ തുടർന്ന് വലിയൊരു ദുരന്തം ഒഴിവാക്കാൻ ഡ്രൈവർ വാഹനം ഡിവൈഡലേക്ക് ഇടിച്ചുകയറ്റുകയായിരുന്നു. സരയ് കാലെ ഖാനിൽ നിന്നു രാജ്ഘട്ടിലേക്ക് പോവുകയായിരുന്ന ബസായിരുന്നു അപകടത്തിൽപ്പെട്ടത്.

സംഭവം നടക്കുന്പോൾ ഡ്രൈവറും കണ്ടക്ടറും മാത്രമായിരുന്നു ബസിനുള്ളിൽ ഉണ്ടായിരുന്നത്. ഇരുവരും പരിക്കേൽക്കാതെ രക്ഷപ്പെട്ടതായി പോലീസ് പറഞ്ഞു. കൂടുതൽ അന്വേഷണം നടന്നുവരികയാണ്.

# യാത്രക്കാരുടെ ശ്രദ്ധയ്ക്ക്; വഞ്ചിനാട് എക്സ്പ്രസിന് പേട്ടയിൽ സ്റ്റോപ്പ് അനുവദിച്ചു

തിരുവനന്തപുരം: വഞ്ചിനാട് എക്സ്പ്രസിന് തിരുവനന്തപുരം പേട്ടയിൽ സ്റ്റോപ്പ് അനുവദിച്ചു. തിരുവനന്തപുരം സെൻട്രൽ - എറണാകുളം ജംഗ്ഷൻ - തിരുവനന്തപുരം സെൻട്രൽ എക്സ്പ്രസിന്(16303/16304) പേട്ടയിൽ സ്റ്റോപ്പ് അനുവദിച്ചതായി കൊടിക്കുന്നിൽ സുരേഷ് എംപി അറിയിച്ചു. ഫേസ്ബുക്ക് പോസ്റ്റിലൂടെയാണ് അദ്ദേഹം ഈകാര്യം അറിയിച്ചത്. നിലവിൽ ആറുമാസത്തേക്കാണ് പരീക്ഷണാടിസ്ഥാനത്തിൽ താത്കാലിക സ്റ്റോപ്പ് അനുവദിച്ചിരിക്കുന്നത്. യാത്രക്കാരുടെ എണ്ണവും ടിക്കറ്റ് വരുമാനവും പരിഗണിച്ച് സ്റ്റോപ്പ് സ്ഥിരപ്പെടുത്തും. ഈ കാര്യത്തിൽ റെയിൽവേ അധികൃതരിൽ നിന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ടെന്നും എംപി വ്യക്തമാക്കി. വഞ്ചിനാട് എക്സ്പ്രസിന് പേട്ടയിൽ സ്റ്റോപ്പ് അനുവദിക്കണമെന്നത് യാത്രക്കാരുടെ ദീർഘനാളത്തെ ആവശ്യമായിരുന്നു.

# അനൗചിത്യമെന്ന് തോന്നിയതുകൊണ്ടാണ് അങ്ങനെ പെരുമാറിയത്; ചെറിയാൻ ഫിലിപ്പ് വിഷയത്തിൽ ബിന്ദു കൃഷ്ണ

തിരുവനന്തപുരം: ചെറിയാൻ ഫിലിപ്പ് വിഷയത്തിൽ പ്രതികരണവുമായി മന്ത്രി ബിന്ദു കൃഷ്ണ.

ചെറിയാൻ ഫിലിപ്പ് എന്തെങ്കിലും ദുരുദ്ദേശത്തോടെയാണ് അന്ന് അങ്ങനെ പെരുമാറിയത് എന്നൊന്നും താൻ വിശ്വസിക്കുന്നില്ല. പക്ഷെ തനിക്ക് അനൗചിത്യമെന്ന് തോന്നി, അത്രമാത്രമേ ഉള്ളൂവെന്ന് മന്ത്രി പ്രതികരിച്ചു.

സൈബർ അധിക്ഷേപങ്ങളെ താൻ മൈൻഡ് ചെയ്യാറില്ല. അസത്യത്തിന് അധികകാലം പിടിച്ച് നിൽക്കാനാവില്ല.

പല ഘട്ടങ്ങളിലും സൈബർ അധിക്ഷേപങ്ങളും പരിഹാസങ്ങളും ഉണ്ടായിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

കോൺഗ്രസ് നിയമസഭാ കക്ഷി യോഗം ചേരുന്നതിനിടെയാണ് വിവാദമായ സംഭവമുണ്ടാകുന്നത്. ഇന്ദിരാഭവനിലെത്തിയ നിയുക്ത എംഎൽഎമാരെ കാണുന്നതിനിടെ ചെറിയാൻ ഫിലിപ്പ് ബിന്ദു കൃഷ്ണയെ ആലിംഗനം ചെയ്യാൻ ശ്രമിക്കുകയായിരുന്നു.

എന്നാൽ അവർ തള്ളി മാറ്റി. എന്നാൽ വീണ്ടും ആലിംഗനം ചെയ്യാൻ ശ്രമിച്ചപ്പോൾ അവർ തള്ളി മാറ്റുകയും ഹസ്തദാനം നൽകുകയുമായിരുന്നു.

## അമേരിക്ക ആക്രമിച്ചാൽ വലിയ രക്തച്ചൊരിച്ചിലുണ്ടാകും; മുന്നറിയിപ്പുമായി ക്യൂബൻ പ്രസിഡൻറ്

ഹവാന: അമേരിക്കയുടെ ഭാഗത്ത് നിന്നും ആക്രമണമുണ്ടായാൽ വലിയ രക്തച്ചൊരിച്ചിലുണ്ടാകുമെന്ന് മുന്നറിയിപ്പ് നൽകി ക്യൂബൻ പ്രസിഡൻറ് മിഗുവെൽ ഡിയാസ് കാനൽ.

റഷ്യയിൽ നിന്നും ഇറാനിൽ നിന്നും ക്യൂബ മുന്നൂറിലധികം സൈനിക ഡ്രോണുകൾ വാങ്ങിയതായും അവ അമേരിക്കക്കെതിരെ ഉപയോഗിക്കാൻ ആലോചിക്കുന്നതായും യുഎസ് വാർത്താ വെബ്സൈറ്റായ ആക്സിയോസ് കഴിഞ്ഞ ദിവസം റിപ്പോർട്ട് ചെയ്തിരുന്നു.

ക്യൂബയിലെ കമ്മ്യൂണിസ്റ്റ് സർക്കാരിനെ താഴെയിറക്കാൻ യുഎസ് സൈനിക നടപടിക്ക് ഒരുങ്ങുന്നു എന്ന അഭ്യൂഹങ്ങൾ ശക്തമാകുന്നതിനിടയിലാണ് അമേരിക്കൻ രഹസ്യാന്വേഷണ ഉദ്യോഗസ്ഥരെ ഉദ്ധരിച്ചുകൊണ്ടുള്ള ഈ റിപ്പോർട്ട് പുറത്തുവന്നത്.

കിഴക്കൻ ക്യൂബയിലെ യുഎസ് സൈനിക താവളമായ ഗ്വാണ്ടനാമോ ബേ, അമേരിക്കൻ സൈനിക കപ്പലുകൾ, കൂടാതെ ഫ്ലോറിഡ എന്നിവ ലക്ഷ്യമിട്ട് ഡ്രോൺ ആക്രമണങ്ങൾ നടത്താൻ ക്യൂബ ആലോചിക്കുന്നതായി പേര് വെളിപ്പെടുത്താത്ത യുഎസ് ഉദ്യോഗസ്ഥർ പറഞ്ഞതായി ആക്സിയോസ് റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

ക്യൂബ അമേരിക്കയ്ക്കോ മറ്റ് ഏതെങ്കിലും രാജ്യത്തിനോ ഒരു ഭീഷണിയും ഉയർത്തുന്നില്ലെന്നും യുഎസ് നടത്തുന്ന ഏതൊരു ആക്രമണവും വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന ഒരു രക്തച്ചൊരിച്ചിലിന് കാരണമാകുമെന്നും മിഗുവെൽ ഡിയാസ് കാനൽ മുന്നറിയിപ്പ് നൽകി.

ആക്രമണമുണ്ടായാൽ അതിനെതിരെ സ്വയം പ്രതിരോധിക്കാൻ തങ്ങളുടെ രാഷ്ട്രത്തിന് പൂർണവും നിയമപരവുമായ അവകാശമുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി.

ആരെങ്കിലും ക്യൂബയെ ആക്രമിക്കാൻ മുതിർന്നാൽ ക്യൂബ തിരിച്ചുപോരാടുമെന്നതിൽ യാതൊരു സംശയവുമില്ലെന്ന് ഐക്യരാഷ്ട്രസഭയിലെ ക്യൂബൻ അംബാസഡർ എർണസ്റ്റോ സോബെറോൺ ഗുസ്മാൻ പറഞ്ഞു.'60-കളിൽ അമേരിക്ക ക്യൂബയെ ആക്രമിക്കാൻ ശ്രമിക്കുകയും പരാജയപ്പെടുകയും ചെയ്തതാണ്. തീർച്ചയായും, ഇതൊരു വ്യത്യസ്തമായ സാഹചര്യമാണെന്ന് എല്ലാവർക്കും പറയാം. എന്നാൽ ക്യൂബൻ ജനതയുടെ പോരാട്ടവീര്യത്തിന് യാതൊരു മാറ്റവും വന്നിട്ടില്ല'.-അദ്ദേഹം കൂട്ടിച്ചേർത്തു.

അതേസമയം, ഇരുരാജ്യങ്ങളും തമ്മിലുള്ള അസ്വാരസ്യങ്ങൾ വർധിച്ചതിനെത്തുടർന്ന് ക്യൂബയുടെ പ്രധാന രഹസ്യാന്വേഷണ ഏജൻസിക്കും ഉന്നത നേതാക്കൾക്കുമെതിരെ അമേരിക്കൻ ട്രഷറി ഉപരോധം ഏർപ്പെടുത്തിയിട്ടുണ്ട്.

## ലെയോ മാർപാപ്പയുടെ ആദ്യ ചാക്രിക ലേഖനം 'മാഞ്ഞിഫിക്ക ഹുമാനിത്താസ്' 25ന് പ്രസിദ്ധീകരിക്കും

വത്തിക്കാൻ സിറ്റി: ലെയോ പതിനാലാമൻ മാർപാപ്പയുടെ ആദ്യ ചാക്രികലേഖനം 'മാഞ്ഞിഫിക്ക ഹുമാനിത്താസ് ' 25ന് പ്രസിദ്ധീകരിക്കും. മലയാളത്തിൽ 'മഹത്തായ മനുഷ്യരാശി' എന്നർഥം വരുന്ന ഈ ചാക്രിക ലേഖനം, കൃത്രിമബുദ്ധി (എഐ)യുടെ യുഗത്തിൽ മനുഷ്യവ്യക്തിയുടെ സംരക്ഷണത്തെ ആസ്പദമാക്കിയുള്ളതാണ്.

പ്രാദേശികസമയം രാവിലെ 11.30ന് വത്തിക്കാനിലെ സിനഡ് ഹാളിൽ നടക്കുന്ന പ്രകാശനച്ചടങ്ങിൽ മാർപാപ്പയും സന്നിഹിതനായിരിക്കും.

വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി കർദിനാൾ പിയെത്രോ പരോളിൻ, വിശ്വാസസത്യങ്ങൾക്കായുള്ള വത്തിക്കാൻ കാര്യാലയത്തിൻറെ തലവൻ കർദിനാൾ വിക്ടർ മാനുവൽ ഫെർണാണ്ടസ്, സമഗ്ര മാനവിക വികസനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള വത്തിക്കാൻ കാര്യാലയത്തിൻറെ തലവൻ കർദിനാൾ മൈക്കിൾ സെർനി എസ്ജെ,

ദൈവശാസ്ത്രജ്ഞനും യുകെയിലെ ദുർഹാം യൂണിവേഴ്സിറ്റി പ്രഫസറുമായ ഡോ. അന്നാ റോളാൻഡ്സ്, എഐ ഗവേഷണ സ്ഥാപനമായ ആന്ത്രോപിക് (യുഎസ്എ) സഹസ്ഥാപകനും കൃത്രിമബുദ്ധിയുടെ വ്യാഖ്യാനത്തെക്കുറിച്ചുള്ള ഗവേഷണമേധാവിയുമായ ക്രിസ്റ്റഫർ ഓല, കലിഫോർണിയ സാന്താ ക്ലാര യൂണിവേഴ്സിറ്റിയിലെ പൊളിറ്റിക്കൽ തിയോളജി പ്രഫസർ ലിയോകാഡി ലുഷൊംബൊ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുക്കും. തുടർന്ന് ചടങ്ങിനെ അഭിസംബോധന ചെയ്തശേഷം മാർപാപ്പ സമാപന ആശീർവാദം നൽകും.

ലെയോ പതിമൂന്നാമൻ മാർപാപ്പ രചിച്ച 'റേരും നൊവാരും' എന്ന സാമൂഹിക ചാക്രിക ലേഖനത്തിൻറെ 135-ാം വാർഷികദിനമായിരുന്ന കഴിഞ്ഞ 15നാണ് ലെയോ പതിനാലാമൻ മാർപാപ്പ തൻറെ ആദ്യ ചാക്രികലേഖനത്തിൽ ഒപ്പുവച്ചത്.

1891 മേയ് 15നാണ് 'റേരും നൊവാരും' പ്രസിദ്ധീകരിച്ചത്. സഭയുടെ സാമൂഹ്യ സിദ്ധാന്തങ്ങൾക്ക് അടിത്തറ നൽകിയ ഒരു രേഖകൂടിയാണിത്. തൊഴിൽ, ശമ്പളം, സ്വകാര്യസ്വത്തുക്കൾ, പുതിയ പ്രത്യയശാസ്ത്രങ്ങൾ, തൊഴിലാളികളുടെ അവകാശങ്ങൾ, കുടുംബങ്ങളുടെ അവകാശങ്ങൾ എന്നിങ്ങനെയുള്ള വിവിധങ്ങളായ കാര്യങ്ങൾ വിശകലനം ചെയ്തുകൊണ്ട് സാമൂഹ്യ-സാമ്പത്തിക മേഖലകളിൽ നീതി ഉറപ്പുവരുത്താൻ സഭയ്ക്കുള്ള ഉത്തരവാദിത്വത്തെ എടുത്തുകാണിച്ചുകൊണ്ടുള്ളതായിരുന്നു ഈ ചാക്രികലേഖനം.

ലെയോ പതിമൂന്നാമൻ മാർപാപ്പ തുടക്കം കുറിച്ച വിപ്ലവാത്മകമായ ഈ ആശയങ്ങളെ തുടർന്നും സഭയെ നയിച്ച വിവിധ മാർപാപ്പമാർ പിന്തുടർന്നിട്ടുണ്ട്.

## നികുതി വെട്ടിപ്പ്; പോപ് ഗായിക ഷക്കീറയെ സ്പാനിഷ് കോടതി കുറ്റവിമുക്തയാക്കി

മാഡ്രിഡ്: നികുതിവെട്ടിപ്പു കേസിൽ കൊളംബിയൻ പോപ് ഗായിക ഷക്കീറയെ സ്പാനിഷ് കോടതി കുറ്റവിമുക്തയാക്കി. പിഴയും പലിശയും ഉൾപ്പെടെ 8.7 കോടി ഡോളറിലധികം ഷക്കീറയ്ക്കു തിരികെ നൽകാൻ സർക്കാരിനോടു കോടതി നിർദേശിക്കുകയും ചെയ്തു.

2011 നികുതിവർഷത്തെ തർക്കവുമായി ബന്ധപ്പെട്ട് വർഷങ്ങളായി തുടരുന്ന കേസിലാണ് താരത്തിന് അനുകൂലമായി മാഡ്രിഡിലെ കോടതിയിൽനിന്നു വിധി വന്നിരിക്കുന്നത്.

ഷക്കീറ സ്പെയിനിലെ താമസക്കാരിയാണെന്നു തെളിയിക്കുന്നതിൽ രാജ്യത്തെ നികുതി അധികാരികൾ പരാജയപ്പെട്ടതായി കോടതി ചൂണ്ടിക്കാട്ടി. സ്പെയിനിൽ ഒരാളെ രാജ്യത്തെ നികുതിദായകനായി കണക്കാക്കണമെങ്കിൽ ആ വ്യക്തി 183 ദിവസത്തിൽ കൂടുതൽ രാജ്യത്തു ചെലവഴിക്കണം. എന്നാൽ, നികുതിവെട്ടിപ്പ് നടത്തിയതായി പറയപ്പെടുന്ന വർഷം ഷക്കീറ 163 ദിവസം മാത്രമേ രാജ്യത്തു താമസിച്ചിട്ടുള്ളൂവെന്നാണ് അധികൃതർക്കു തെളിയിക്കാനായത്.

2011ൽ ഷക്കീറ ഫുട്ബോൾ താരമായ ജെറാർഡ് പിക്വുമായുള്ള ബന്ധത്തിലൂടെ രാജ്യവുമായി ബന്ധപ്പെട്ടിരുന്നുവെന്നും അവരുടെ പ്രധാന സാമ്പത്തികപ്രവർത്തനങ്ങൾ സ്പെയിനിലാണു നടന്നിരുന്നതെന്നും നികുതി ഏജൻസി വാദിച്ചു.

എന്നാൽ ആ ബന്ധത്തെ നിയമപരമായി ഒരു വിവാഹബന്ധവുമായി തുലനം ചെയ്യാൻ കഴിയില്ലെന്നും 2011ൽ ഷക്കീറയുടെ പ്രവർത്തനങ്ങളുടെയോ സാമ്പത്തിക താത്പര്യങ്ങളുടെയോ "പ്രധാന കേന്ദ്രമോ അടിത്തറയോ" നേരിട്ടോ അല്ലാതെയോ സ്പെയിനിലായിരുന്നുവെന്ന് തെളിയിക്കപ്പെട്ടിട്ടില്ലെന്നും കോടതി വിധിച്ചു.

പതിനാറ് വർഷങ്ങൾക്കു ശേഷം ലോകകപ്പ് ഫുട്ബോളിൻറെ ഔദ്യോഗിക ഗാനവുമായി ഏതാനും ദിവസം മുന്പാണ് ഷക്കീറയെത്തിയത്. ഫിഫ ലോകകപ്പ് ഫുട്ബോൾ ആന്തം 'ദായ് ദായ്'യുടെ ടീസർ ഇറങ്ങി ദിവസങ്ങൾക്കകമാണ് ഷക്കീറയെത്തേടി അനുകൂല കോടതി വിധിയും എത്തിയിരിക്കുന്നത്.

ഒരു മിനിറ്റ് ഏഴ് സെക്കൻഡ് ദൈർഘ്യമുള്ള വീഡിയോ ഇതിനോടകം തരംഗമായിക്കഴിഞ്ഞു. 2010 ഫിഫ ലോക കപ്പിന് വേണ്ടി ഷക്കീറ പാടിയ 'വക്കാ വക്കാ' (ദിസ് ടൈം ഫോർ ആഫ്രിക്ക) ഗാനം എക്കാലത്തെയും ഹിറ്റുകളിലൊന്നാണ്.

## ഇറാൻ-യുഎസ് സമാധാന ചർച്ചകൾ പുനരുജ്ജീവിപ്പിക്കാൻ പാക് ഇടപെടൽ; പാക് മന്ത്രി നഖ്വി ടെഹ്റാനിൽ

ഇസ്ലാമാബാദ്: ഇറാൻ-യുഎസ് സമധാനചർച്ചകൾ പുനരുജ്ജീവിപ്പിക്കാനുള്ള പാക്കിസ്ഥാൻറെ ശ്രമങ്ങളുടെ ഭാഗമായി ആഭ്യന്തരമന്ത്രി മൊഹ്സിൻ നഖ്വി ടെഹ്റാൻ സന്ദർശിച്ചു. മുൻകൂട്ടി പ്രഖ്യാപിക്കാത്ത ഈ സന്ദർശനം ചർച്ചകൾ വീണ്ടെടുക്കാനുള്ള പാക് ശ്രമങ്ങളുടെ ഭാഗമാണെന്ന് ഇറേനിയൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.അമേരിക്കൻ നിർദേശങ്ങളോടുള്ള ഇറാൻറെ ഏറ്റവും പുതിയ പ്രതികരണം യുഎസ് പ്രസിഡൻറ് ഡോണാൾഡ് ട്രംപ് നിരസിച്ചതിനു പിന്നാലെയാണ് നഖ്വിയുടെ സന്ദർശനമെന്ന് നയതന്ത്ര വൃത്തങ്ങളെ ഉദ്ധരിച്ച് ഇറേനിയൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.നേരത്തേ ഇസ്ലാമാബാദിൽ നടന്ന ചർച്ചകളിലൂടെ കൈവരിച്ച പുരോഗതിയുടെ വേഗം കുറഞ്ഞ സാഹചര്യത്തിൽ ചർച്ചകൾ പുനരാരംഭിക്കാൻ ഇരുപക്ഷവുമായി പാക്കിസ്ഥാൻ സമവായ ആശയവിനിമയം തുടരുകയാണ്.പ്രാദേശിക സമാധാനം പ്രോത്സാഹിപ്പിക്കുന്നതിനും ഇരുരാജ്യങ്ങളും തമ്മിലുള്ള ചർച്ചകൾ സുഗമമാക്കുന്നതിനുള്ള പാക്കിസ്ഥാൻറെ തുടർച്ചയായ ശ്രമങ്ങളുടെ ഭാഗമാണ് നഖ്വിയുടെ സന്ദർശനമെന്ന് ഇറാൻറെ ഔദ്യോഗിക വാർത്താഏജൻസി റിപ്പോർട്ട് ചെയ്തു.

## ഇറാൻെറ മിസൈൽ ശേഷിയിൽ ഭൂരിഭാഗവും സുരക്ഷിതമെന്ന് നാറ്റോ

മോസ്കോ: തങ്ങളുടെ മിസൈൽ ശേഷിയുടെ ഭൂരിഭാഗവും ഇറാൻ സുരക്ഷിതമായി നിലനിർത്തിയിട്ടുണ്ടെന്ന് നാറ്റോ രഹസ്യാന്വേഷണ വിഭാഗം വിശ്വസിക്കുന്നതായി വിവിധ സ്രോതസുകളെ ഉദ്ധരിച്ച് അന്താരാഷ്ട്ര മാധ്യമമായ ദി ഇൻഡിപെൻഡെൻറ് റിപ്പോർട്ട് ചെയ്യുന്നു.ഇറാന് ഇപ്പോഴും അവരുടെ ഭൂരിഭാഗം മിസൈലുകളിലേക്കും ഭൂഗർഭ സൈനിക സങ്കേതങ്ങളിലേക്കും തടസമില്ലാതെ പ്രവേശിക്കാൻ സാധിക്കുന്നുണ്ടെന്ന് രഹസ്യാന്വേഷണ ഏജൻസികൾ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.ഇറാൻ തങ്ങളുടെ മിസൈൽ ശേഷിയുടെ കുറഞ്ഞത് 60 ശതമാനമെങ്കിലും കേടുപാടുകൾ കൂടാതെ നിലനിർത്തിയിട്ടുണ്ടെന്നാണു നാറ്റോയുടെ വിലയിരുത്തൽ.

കൂടാതെ ഇറാൻറെ മിസൈൽ വിക്ഷേപണ കേന്ദ്രങ്ങളുടെയും സൈനിക സംഭരണശാലകളുടെയും 90 ശതമാനവും ഇപ്പോൾ ഭാഗികമായോ പൂർണമായോ പ്രവർത്തനസജ്ജമാണെന്ന് യുഎസ് രഹസ്യാന്വേഷണ ഏജൻസികൾ കരുതുന്നു. ഇതിനാൽ അമേരിക്കയുമായുള്ള യുദ്ധം മാസങ്ങളോളം മുന്നോട്ടു കൊണ്ടുപോകാൻ ഇറാന് സാധിക്കുമെന്നും റിപ്പോർട്ടിൽ പറയുന്നു.

## നിലപാട് മാറ്റി ട്രംപ്, ട്രെൻഡ് മാറ്റി സ്വർണവില; പവന് വീണ്ടും 1.15 ലക്ഷത്തിനു മുകളിൽ

കൊച്ചി: സംസ്ഥാനത്ത് വീഴ്ചകൾക്കു ശേഷം തിരിച്ചുകയറി സ്വർണവില. ഗ്രാമിന് 75 രൂപയും പവന് 600 രൂപയുമാണ് വർധിച്ചത്. ഇതോടെ, ഒരു ഗ്രാം സ്വർണത്തിന് 14,375 രൂപയിലും പവന് 1,15,000 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 60 രൂപ ഉയർന്ന് 11,810 രൂപയിലെത്തി.

എകെജിഎസ്എംഎയുടെ നിർണയപ്രകാരം 18 കാരറ്റ് സ്വർണവില ഗ്രാമിന് 60 രൂപ വർധിച്ച് ഇന്ന് 11,890 രൂപയായി. വെള്ളിക്ക് ഗ്രാമിന് 5 രൂപ താഴ്ന്ന് 285 രൂപ. കെജിഎസ്എംഎ 18 കാരറ്റ് സ്വർണത്തിന് നൽകിയ വില ഗ്രാമിന് 60 രൂപ കൂട്ടി 11,810 രൂപയാണ്. വെള്ളിക്ക് 285 രൂപ.

ഇന്ത്യയിൽ സ്വർണ ഇറക്കുമതിച്ചുങ്കം കൂട്ടിയതോടെ മേയ് 13 ന് ഒറ്റയടിക്ക് സ്വർണ വില 10, 200 രൂപയോളം വർധിച്ച് ഈ മാസത്തിലെ ഏറ്റവും കൂടിയ നിരക്കായ 1,23,120 രൂപയിലെത്തിയിരുന്നു. പിന്നീട് ദിവസങ്ങളായി വില ചാഞ്ചാടിക്കൊണ്ടിരിക്കുകയാണ്. തിങ്കളാഴ്ച ഗ്രാമിന് 50 രൂപയും പവന് 400 രൂപയും കുറഞ്ഞിരുന്നു.

ഏപ്രിൽ, മേയ് മാസത്തിൽ വൻ കയറ്റിറക്കങ്ങൾക്കാണ് സാക്ഷ്യം വഹിച്ചത്. മാർച്ച് മാസം അവസാനം നാലു ദിവസത്തിനിടെ ഗ്രാമിന് 435 രൂപയും പവന് 3,480 രൂപയും വർധിച്ചിരുന്നു. മാർച്ച് 23ന് നാലു തവണ മാറിമറിഞ്ഞ സ്വർണവില ഒരു ലക്ഷത്തിന് താഴേക്ക് പോയിരുന്നെങ്കിലും വൈകിട്ടോടെ വീണ്ടും ഒരു ലക്ഷത്തിനു മുകളിലെത്തിയിരുന്നു. ജനുവരി 29ന് പവൻവില സർവകാല ഉയരം തൊട്ടിരുന്നു. അന്നു ഗ്രാമിന് ഒറ്റയടിക്ക് 1,080 രൂപയും പവന് 8,640 രൂപയും വർധിച്ച സ്വർണവില സർവകാല റിക്കാർഡ് ഭേദിച്ച് ഗ്രാമിന് 16,395 രൂപയും പവന് 1,31,160 രൂപയിലുമെത്തുകയായിരുന്നു. എന്നാൽ പിന്നീട് ഇതുവരെ പവന് 28,480 രൂപയും ഗ്രാമിന് 3,560 രൂപയുമാണ് കുറഞ്ഞത്.

## ഒക്ടോബർ 7 ഭീകരാക്രമണം: എല്ലാ സൂത്രധാരന്മാരും കൊല്ലപ്പെട്ടെന്ന് ബെഞ്ചമിൻ നെതന്യാഹു

ടെൽ അവീവ്: ഗാസയിലെ യുദ്ധലക്ഷ്യം പൂർത്തീകരണഘട്ടത്തിന് അടുത്തെത്തിയിരിക്കുന്നുവെന്ന് ഇസ്രേലി പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു. ഒക്ടോബർ 7 ഭീകരാക്രമണത്തിലെ എല്ലാ സൂത്രധാരന്മാരെയും വകവരുത്തിയതായും അദ്ദേഹം അവകാശപ്പെട്ടു.ഹമാസിൻറെ മുതിർന്ന കമാൻഡർ എസ്സെദിൻ അൽ ഹദ്ദാദിനെ വെള്ളിയാഴ്ച വ്യോമാക്രമണത്തിൽ വധിച്ചതിനു പിന്നാലെയാണ് നെതന്യാഹുവിൻറെ പ്രതികരണം. 1221 പേർ കൊല്ലപ്പെട്ട ഒക്ടോബർ 7 ഭീകരാക്രമണത്തിനു പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും ഒന്നൊന്നായി വകവരുത്തിയിരിക്കുമെന്ന് നെതന്യാഹു പ്രതിജ്ഞ ചെയ്തിരുന്നു.

ഈ ലക്ഷ്യം ഏറെക്കുറെ പൂർത്തിയായതായി ഞായറാഴ്ച നടന്ന മന്ത്രിസഭായോഗത്തിൽ നെതന്യാഹു വ്യക്തമാക്കി. ഗാസയുടെ 60 ശതമാനം പ്രദേശവും നിലവിൽ ഇസ്രയേൽ സൈന്യത്തിൻറെ നിയന്ത്രണത്തിലാണെന്നും നെതന്യാഹു ആവർത്തിച്ചു.

ഹമാസിൻറെ അതിർത്തി കടന്നുള്ള ആക്രമണത്തിനു ശേഷം ഗാസയിലും മേഖലയിലുടനീളമുള്ള സംഘടനയുടെ മുതിർന്ന നേതാക്കളെയും കമാൻഡർമാരെയും ലക്ഷ്യമിട്ട് ഇസ്രേലി സൈന്യവും രഹസ്യാന്വേഷണ വിഭാഗങ്ങളും തീവ്രശ്രമം നടത്തുകയും ഓരോരുത്തരെയായി വകവരുത്തുകയുമായിരുന്നു.

ഹമാസിൻറെ രാഷ്ട്രീയ നേതാവായ ഇസ്മയിൽ ഹനിയയെ ഇറാൻ തലസ്ഥാനമായ ടെഹ്റാനിലെ ഒളിത്താവളത്തിലേക്കു കടന്നെത്തി ഇസ്രേലി സേന വധിച്ചത് ആശ്ചര്യത്തോടെയാണു ലോകം ശ്രവിച്ചത്.പിന്നാലെ ഹമാസിൻറെ ഹാസയിലെ ഉന്നതനേതാവും ഒക്ടോബർ 7 ഭീകരാക്രമണത്തിൻറെ മുഖ്യ സൂത്രധാരനുമായ യഹിയ സിൻവർ, ഹമാസിൻറെ സൈനികവിഭാഗം കമാൻഡർ മുഹമ്മദ് ദെയ്ഫ്, ഉപമേധാവി സാലെ അൽ അറൂറി, ഒക്ടോബർ 7 ഭീകരാക്രമണത്തിനു നേതൃത്വം നൽകിയ ഇസ അൽ ദിൻ അൽ ഹദ്ദാദ്, മുഹമ്മദ് സിൻവർ, അബു ഒബെയ് തുടങ്ങിയവരെയും വകവരുത്തി.

## യുകെയിലെ ഏറ്റവും പ്രായം കുറഞ്ഞ മേയറായി ഇന്ത്യൻ വംശജൻ

ലണ്ടൻ: യുകെയിലെ ഏറ്റവും പ്രായം കുറഞ്ഞ മേയറായി ഇന്ത്യൻ വംശജനായ തുഷാർ കുമാർ.

എൽസ്ട്രി ആൻഡ് ബോറെഹാംവുഡ് നഗരത്തിൻറെ പുതിയ മേയറായി ചുമതലയേറ്റതോടെ ബ്രിട്ടൻറെ ചരിത്രത്തിൽ മേയർപദവിയിലെത്തുന്ന ഏറ്റവും പ്രായം കുറഞ്ഞ ഇന്ത്യൻ വംശജനെന്ന ബഹുമതിയാണ് ഈ ഇരുപത്തിമൂന്നുകാരൻ സ്വന്തമാക്കിയത്.

ലണ്ടനിലെ കിംഗ്സ് കോളേജിൽനിന്ന് പൊളിറ്റിക്കൽ സയൻസിൽ ബിരുദം നേടിയ തുഷാർ, ഈ പദവിയിലേക്ക് എത്തുന്നതിനു മുന്പ് ഡെപ്യൂട്ടി മേയറായി സേവനമനുഷ്ഠിക്കുകയായിരുന്നു.ഈ പദവി ലഭിച്ചത് വലിയൊരു ബഹുമതിയാണെന്നും തൻറെ യാത്രയിൽ പിന്തുണച്ച എല്ലാവരോടും നന്ദിയുണ്ടെന്നും തുഷാർ കുമാർ പ്രതികരിച്ചു.

കഴിഞ്ഞ ഒരു വർഷമായി നഗരത്തെ നയിച്ച മുൻ മേയർ ഡാൻ ഒസാരോവിനോട് തനിക്ക് നൽകിയ മാർഗനിർദ്ദേശങ്ങൾക്ക് അദ്ദേഹം പ്രത്യേക നന്ദി അറിയിച്ചു.

## ഫോർച്ച്യൂണറും ഒരു കോടി രൂപയും; നോയിഡയിൽ സ്ത്രീധനപീഡനത്തെ തുടർന്ന് യുവതി ജീവനൊടുക്കി

നോയിഡ: ഉത്തർപ്രദേശിലെ നോയിഡയിൽ ഭർത്താവിൻറെയും വീട്ടുകാരുടെയും ക്രൂരമായ സ്ത്രീധനപീഡനത്തെ തുടർന്ന് 24-കാരിയായ യുവതി കെട്ടിടത്തിന് മുകളിൽ നിന്ന് ചാടി ജീവനൊടുക്കി. നോയിഡയിലെ ജൽപുര സ്വദേശിനിയായ ദീപികയാണ് മരിച്ചത്. സംഭവത്തിൽ ദീപികയുടെ ഭർത്താവ് ഹൃത്വിക് ഭട്ടിക്കെതിരെയും കുടുംബാംഗങ്ങൾക്കെതിരെയും പോലീസ് സ്ത്രീധന പീഡനത്തിനും കൊലപാതകത്തിനും കേസെടുത്തു.

വിവാഹത്തിന് പിന്നാലെ കൂടുതൽ സ്ത്രീധനം ആവശ്യപ്പെട്ട് ഭർത്താവും വീട്ടുകാരും ദീപികയെ നിരന്തരം പീഡിപ്പിച്ചിരുന്നതായി കുടുംബം ആരോപിക്കുന്നു. വിവാഹസമയത്ത് വലിയ തുകയും ആഡംബര കാറും നൽകിയിരുന്നു. എന്നാൽ ഇതിന് പുറമെ ഒരു കോടി രൂപയും ഫോർച്യൂണർ കാറും വേണമെന്നാവശ്യപ്പെട്ടായിരുന്നു പീഡനം.

ദീപികയെ ഭർത്താവിൻറെ വീട്ടുകാർ ക്രൂരമായി മർദിച്ചിരുന്നു. മരിക്കുന്നതിന് തൊട്ടുമുൻപും യുവതിക്ക് നേരെ അതിക്രമം നടന്നിരുന്നു. ക്രൂരമായി മർദിച്ച് കൊലപ്പെടുത്തിയ ശേഷം കെട്ടിടത്തിന് മുകളിൽ നിന്ന് താഴേക്ക് എറിഞ്ഞതാണെന്നും പെൺകുട്ടിയുടെ ബന്ധുക്കൾ ആരോപിക്കുന്നുണ്ട്. സംഭവത്തിന് ശേഷം ഒളിവിൽ പോയ ഭർത്താവ് ഹൃത്വികിനെയും കുടുംബാംഗങ്ങളെയും കണ്ടെത്താൻ നോയിഡ പോലീസ് അന്വേഷണം ഊർജിതമാക്കിയിട്ടുണ്ട്.

## സിപിഎം നേരിട്ടത് നാണംകെട്ട തോൽവി; ഉത്തരവാദിത്വം ഒരാളുടെ മേൽ അടിച്ചേൽപ്പിക്കുന്നത് ശരിയല്ല: പി.കെ. ശ്രീമതി

തിരുവനന്തപുരം: സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പിൽ സിപിഎം നേരിട്ടത് നാണംകെട്ട ലജ്ജാകരമായ തോൽവിയാണെന്ന് മുതിർന്ന നേതാവും മുൻ മന്ത്രിയുമായ പി.കെ. ശ്രീമതി. തോൽവിയുടെ കാരണങ്ങൾ പാർട്ടി പഠിക്കുമെന്നും, പരിശോധിക്കുമെന്നും ശ്രീമതി ടീച്ചർ പറഞ്ഞു.

നിയമസഭ തിരഞ്ഞെടുപ്പിനെ പാർട്ടി നേരിട്ടത് ഒറ്റക്കെട്ടായാണെന്നും തോൽവിയുടെ ഉത്തരവാദിത്വം ഒരാളുടെ മേൽ അടിച്ചേൽപ്പിക്കുന്നത് ശരിയല്ലെന്നും ശ്രീമതി പറഞ്ഞു. പ്രഖ്യാപിച്ച വാഗ്ദാനങ്ങൾ യുഡിഎഫ് സർക്കാർ നടപ്പിലാക്കുന്നത് സ്വാഗതാർഹമാണെന്നും ആശാ വർക്കർമാരുടെ ഓണറേറിയം കൂട്ടിയതും സൗജന്യ ബസ് യാത്രയും സ്വാഗതം ചെയ്യുന്നുവെന്നും അവർ പറഞ്ഞു.

അതേസമയം പ്രതീക്ഷിക്കാത്ത തെരഞ്ഞെടുപ്പ് ഫലമാണ് വന്നതെന്നും വലിയ തോൽവിയാണ് ഉണ്ടായതെന്നും മുൻ മന്ത്രി കെ.കെ. ശൈലജയും പ്രതികരിച്ചു.

പ്രതിപക്ഷ നേതാവായി പിണറായി വിജയൻ തന്നെയാണ് നല്ലതെന്ന് പറഞ്ഞ ശൈലജ, മുതിർന്ന പി ബി അംഗമാണ് പിണറായി വിജയനെന്നും തന്നെ ഒതുക്കി എന്നത് വ്യാജ പ്രചാരണം മാത്രമാണെന്നും പ്രതികരിച്ചു.

## ജി. സുധാകരൻ പ്രോ ടേം സ്പീക്കർ; എംഎൽഎമാരുടെ സത്യപ്രതിജ്ഞ 21ന്

തിരുവനന്തപുരം: നിയുക്ത എംഎൽഎമാരുടെ സത്യപ്രതിജ്ഞ 21ന് നടത്തുമെന്ന് മുഖ്യമന്ത്രി വി. ഡി. സതീശൻ. സഭയിലെ ഏറ്റവും മുതിർന്നയാളും അമ്പലപ്പുഴ എംഎൽഎയുമായ മുൻ മന്ത്രി ജി. സുധാകരനെ പ്രോ ടേം സ്പീക്കറായി തെരഞ്ഞെടുത്തു. സ്പീക്കറെ തെരഞ്ഞെടുക്കുന്നതിനുമായി നിയമസഭയുടെ പ്രത്യേക സമ്മേളനം വിളിച്ചുചേർക്കാൻ ഗവർണറോട് ശിപാർശ ചെയ്തു. ആദ്യ മന്ത്രിസഭാ യോഗത്തിനു ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. അംഗീകാരം കിട്ടുന്നതനുസരിച്ച് 29ന് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗം ഉണ്ടാകും. അടുത്ത മന്ത്രിസഭാ യോഗം ബുധനാഴ്ച ചേരുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

## ഉത്തർപ്രദേശിലെ ഫ്ലാറ്റിൽ തീപിടിത്തം

ലക്നോ: ഉത്തർപ്രദേശിലെ സാഹിബാബാദിൽ ഫ്ലാറ്റിൽ തീപിടിച്ചു. നാലു നില കെട്ടിടത്തിൻറെ മൂന്നാം നിലയിലാണ് തീപിടിത്തമുണ്ടായത്.

തിങ്കളാഴ്ച വൈകിട്ട് ഏഴരയോടെയാണ് അപകടമുണ്ടായത്. തീപിടിത്തത്തെ തുടർന്ന് നാല് കുട്ടികളടക്കം 12 പേർ ഫ്ലാറ്റിൻറെ ടെറസിൽ കുടുങ്ങി. വിവരം അറിഞ്ഞ ഉടൻ തന്നെ അഗ്നിശമനസേന സ്ഥലത്തെത്തി തീ നിയന്ത്രണവിധേയമാക്കി. ടെറസിൽ കുടുങ്ങിയവരെ പുറത്തെത്തിക്കാനായി ആദ്യം ഗോവണിപ്പടിയിലെ തീയാണ് അണച്ചത്. തീ നിയന്ത്രണവിധേയമാക്കിയ ശേഷം കുടുങ്ങിക്കിടന്നവരെ നനഞ്ഞ തുണികൊണ്ട് പുതപ്പിച്ചാണ് സുരക്ഷിതമായി താഴെയിറക്കിയത്. ഷോർട്ട് സർക്യൂട്ടാണ് തീപിടിത്തത്തിൻറെ കാരണമെന്നാണ് പ്രാഥമിക നിഗമനം. സംഭവത്തിൽ പോലീസ് മേൽനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# റെയിൽവേ സ്റ്റേഷനിലെ പാർക്കിംഗ് ഫീസ് താങ്ങാനാകുന്നില്ല

കൊല്ലം: പാർക്കിംഗ് ഫീസ് താങ്ങാനാകാതെ കൊല്ലം റെയിൽവേ സ്റ്റേഷനിലെ ആധുനിക പാർക്കിംഗ് സ്റ്റേഷനെ കൈവെടിഞ്ഞ് വാഹന ഉടമകൾ. എയർപോർട്ട് മോഡൽ നവീകരണത്തിൻറെ ഭാഗമായി നിർമിച്ച മൾട്ടി ലെവൽ പാർക്കിംഗ് ടവറിലേക്ക് വാഹനങ്ങൾ കാര്യമായി എത്തുന്നില്ല. പോക്കറ്റ് കീറുന്ന ഫീസായതിനാൽ വാഹനങ്ങൾ പാർക്ക് ചെയ്യാൻ റോഡ് വക്കിനെ ആശ്രയിക്കുകയാണ് ഉടമകൾ.

എറണാകുളം മുതൽ തിരുവനന്തപുരം വരെയുള്ള വിവിധ സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലെ ഒരു വിഭാഗം ഉദ്യോഗസ്ഥർ സ്ഥിരമായി കാറുകളിലെത്തി ട്രെയിനിൽ കയറിപ്പോകാറുണ്ട്. ഇവർ മൾട്ടി ലെവൽ കാർ പാർക്കിങ് ടവറിനെ ആശ്രയിച്ചാൽ മാസം 2000 രൂപ ഫീസായി നൽകേണ്ട സ്ഥിതിയാണ്. ദൂരെ യാത്ര പോകുന്നവരും ഉയർന്ന ഫീസ് കാരണം റോഡരികിൽ യാതൊരു സുരക്ഷയുമില്ലാതെ കാർ പാർക്ക് ചെയ്യേണ്ട അവസ്ഥയാണ്.

ട്രെയിൻ യാത്രക്കാരുടെ വിവിധ സംഘടനകൾ പാർക്കിംഗ് ഫീസ് കുറയ്ക്കണമെന്ന് മാസങ്ങളായി ആവശ്യപ്പെടുന്നുണ്ടെങ്കിലും റെയിൽവേ അവഗണിക്കുന്നു. മൾട്ടിലെവൽ പാർക്കിംഗ് ടവറും റോഡിന് എതിർവശത്തുള്ള സർഫസ് പാർക്കിംഗ് ഏരിയയും ജി.എസ്.ടി സഹിതം 7.45 കോടിക്കാണ് കരാറായത്.

വൈദ്യുതി ചാർജ്, ജീവനക്കാരുടെ കൂലി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്ക് ചെലവിട്ട തുക, ലാഭം എന്നിവ കിട്ടാൻ കരാറുകാരന് പ്രതിദിനം 61,000 രൂപ വരുമാനം ലഭിക്കണം. എന്നാൽ ശരാശരി 54,000 രൂപയാണ് പ്രതിദിന വരുമാനമെന്ന് കരാറുകാരൻ പറയുന്നു. 150 കാറുകൾ ഒരേ സമയം പാർക്ക് ചെയ്യാൻ സൗകര്യമുള്ള ടവറിൽ പരമാവധി 120 കാറുകളാണ് ദിവസം എത്തുന്നത്. അതിൽ പലതും എട്ട് മണിക്കൂറിൽ താഴെ മാത്രമാണ് പാർക്ക് ചെയ്യുന്നത്.

# നഷ്ട്ത്തിൽനിന്ന്കരകയറി, വളർച്ചയുടെ പാതയിൽ മീറ്റർ കമ്പനി

കൊല്ലം: നഷ്ടത്തിൽനിന്നു നഷ്ടത്തിലേക്ക് കൂപ്പുകുത്തുകയായിരുന്ന പള്ളിമുക്ക് മീറ്റർ കമ്പനി (യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്) ഒടുവിൽ വളർച്ചയുടെ പാതയിൽ.

മാനേജ്മെൻറിൻറെയും ജീവനക്കാരുടെയും കൂട്ടായ പ്രവർത്തനത്തിൻറെ ഭാഗമായി കമ്പനി സാമ്പത്തിക വർഷം 36.82 കോടി രൂപയുടെ വിറ്റുവരവ് കൈവരിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം 22.36കോടി രൂപയായിരുന്നു വിറ്റുവരവ്. കടുത്ത സാമ്പത്തിക അച്ചടക്കവും മാനേജ്മെന്റിൻറെ വ്യക്തമായ ആസൂത്രണവും യൂണിയൻ മാനേജ്മെൻറ് ഊഷ്മള ബന്ധവും മാറ്റത്തിന് വഴിയൊരുക്കി. ഉൽപ്പാദന തടസങ്ങളെല്ലാം നീക്കി കെഎസ്ഇബിയിലേക്ക് നൽകേണ്ട ഉൽപ്പന്നങ്ങൾ സമയബന്ധിതമായി നൽകാൻ സാധിച്ചത് പ്രധാന നേട്ടമാണ്.ജീവനക്കാർക്ക് ശമ്പളം നൽകാനുള്ള കാലതാമസവും ഈ കാലയളവിൽ പൂർണമായി പരിഹരിച്ചു. അഞ്ച് കിലോവാട്ടിൻറെ സോളാർ പ്ലാൻറ് സ്ഥാപിച്ചത് ഉൾപ്പെടെയുള്ള നടപടികളിലൂടെ 25ശതമാനം വൈദ്യുതച്ചെലവ് കുറക്കാനും കമ്പനിക്കായി. പൊതുസ്വകാര്യ മേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കായി മൂന്നുദിവസത്തെ ഐഎസ്ഒ പരിശീലനം ടികെഎം എൻജിനിയറിംഗ് കോളജിൽ സാങ്കേതിക വിദഗ്ധരുടെ നേതൃത്വത്തിൽ വിജയകരമായി സംഘടിപ്പിച്ചു.വൈവിധ്യവത്കരണത്തിൻറെ ഭാഗമായി അടുത്ത സാമ്പത്തിക വർഷത്തിൽ മൂന്ന് പുതിയ ഉത്പന്നങ്ങൾ വിപണിയിൽ ഇറക്കാനും ആറുമാസത്തിനകം പെട്രോൾ പമ്പ് പ്രവർത്തിപ്പിക്കാനുമാണ് കമ്പനി ലക്ഷ്യമിടുന്നത്.

നിലവിലെ ഉത്പന്നങ്ങളായ മോട്ടോർ സ്റ്റാർട്ടറുകളുടെയും വാട്ടർ മീറ്ററുകളുടെയും വിറ്റുവരവ് വർധിപ്പിക്കാനും മാനേജ്മെൻറ് തീരുമാനിച്ചിട്ടുണ്ട്. കമ്പനിയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ഓർഡറുകൾ നേടിയെടുക്കാനും ഈ സാമ്പത്തിക വർഷത്തിൽ സാധിച്ചു.

# പച്ചപ്പിൻെറ ശാന്തതയിലേക്ക് നെടുങ്ങോലം

കൊല്ലം: പ്രകൃതിയുടെ പച്ചപ്പും കായലിൻറെ ശാന്തതയും കണ്ടൽക്കാടിൻറെ സൗന്ദര്യവുമായി സഞ്ചാരികളുടെ മനംകവരുകയാണ് നെടുങ്ങോലം. പരവൂരിനടുത്ത് സ്ഥിതി ചെയ്യുന്ന മനോഹര കണ്ടൽ വനമേഖല ഇന്ന് വിനോദസഞ്ചാരികളുടെ ഇഷ്ട ഇടമാണ്.

മുമ്പു നാട്ടുകാർക്കുമാത്രം പരിചിതമായിരുന്ന ജലപാതയിൽ ഇപ്പോൾ നൂറുകണക്കിന് സഞ്ചാരികളാണ് ദിവസേന എത്തുന്നത്. വനംവകുപ്പിൻറെ കീഴിലുള്ള പ്രദേശം പ്രകൃതിയെയും ജൈവവൈവിധ്യത്തെയും അതിൻറെ തനിമയിൽ നിലനിർത്തുകയാണെന്നതാണ് പ്രധാന പ്രത്യേകത. അഷ്ടമുടിക്കായലിൻറെ ഭാഗമായ വനമേഖല പ്രകൃതിഭംഗി കൊണ്ടും കണ്ടൽക്കാടുകളിലെ ബോട്ടിംഗ് അനുഭവം കൊണ്ടും സന്ദർശകരെ ആകർഷിക്കുന്നു.

കണ്ടൽക്കാടുകളുടെ സൗന്ദര്യം ആസ്വദിക്കുന്നതിനൊപ്പം നാടൻ മീൻപിടിത്തവും പ്രദേശത്തെ കൗതുകക്കാഴ്ചയാണ്. രാവിലെ ആറുമുതൽ വൈകുന്നേരം അഞ്ചുവരെ തുറന്നിരിക്കുന്ന ഇവിടെ അവധി ദിവസങ്ങളിൽ വലിയതിരക്കാണ് അനുഭവപ്പെടുന്നത്. കായലിൻറെ ശാന്തത കീറി കയാക്കുകളിലും നാടൻ വള്ളങ്ങളിലുമായി സഞ്ചരിച്ചാണ് സന്ദർശകർ കണ്ടൽക്കാടിൻറെ ഹൃദയത്തിലേക്ക് കടക്കുന്നത്.

യാത്രാമധ്യേ ബാറ്റ് ഐലൻഡ്, ഈഗിൾ ഐലൻഡ്, ടെംപിൾ ഐലൻഡ് എന്നീ ചെറുദ്വീപുകൾ കാഴ്ചകൾക്ക് മാറ്റുകൂട്ടുന്നു. സൂര്യോദയവും അസ്തമയവും ആസ്വദിക്കാനുള്ള പ്രത്യേക സർവീസുകളും ഇവിടെ സജ്ജമാണ്.

നിരവധി സ്വകാര്യ ഏജൻസികൾ വിനോദസഞ്ചാരികൾക്കായി പ്രവർത്തിക്കുന്നുണ്ട്. അവധിക്കാലമായതിനാൽ പ്രകൃതിയുടെ ഈ പച്ചത്തുരുത്തിലേക്ക് ആളൊഴുക്ക് വർധിച്ചിരിക്കുകയാണ്.

# നീറമൺകര ശിവക്ഷേത്രത്തിലെ മോഷണം; സിസിടിവികൾ സ്ഥാപിക്കാത്തത് തിരിച്ചടിയായി

പേരൂർക്കട: നീറമൺകര ശിവക്ഷേത്രത്തിൽ വീണ്ടുമുണ്ടായ മോഷണം സിസിടിവി ദൃശ്യങ്ങൾ സ്ഥാപിക്കണമെന്ന പോലീസ് നിർദേശം അവഗണിച്ചതുമൂലമെന്നു സൂചന. 18ന് പുലർച്ചെയാണ് ക്ഷേത്രത്തിലെ കാണിക്കവഞ്ചികൾ കുത്തിത്തുറന്ന് 30, 000-ഓളം രൂപ അപഹരിച്ചത്. ഇതിൽ നാണയങ്ങളും നോട്ടുകളും ഉൾപ്പെടുന്നു.

ക്ഷേത്ര പ്രസിഡൻറ് ഹരിയാണ് ഇതുസംബന്ധിച്ച് കരമന പോലീസ് സ്റ്റേഷനിൽ പരാതി നൽകിയത്. പുലർച്ചെ ക്ഷേത്രം തുറക്കാനെത്തിയ പൂജാരിയാണ് മോഷണ വിവരം അറിയുന്നത്. തുടർന്ന് ഭാരവാഹികളെ വിവരമറിയിക്കുകയായിരുന്നു. ക്ഷേത്രകോമ്പൗണ്ടിനുള്ളിലുണ്ടായിരുന്ന ഏഴു കാണിക്കവഞ്ചികളാണ് തകർക്കപ്പെട്ടത്. മൂന്നു ശ്രീകോവിലുകളുടെ വാതിലുകളും തകർത്തിട്ടുണ്ട്. കെടാവിളക്കിനു സമീപത്തു സ്ഥാപിച്ചിരുന്ന കാണിക്കവഞ്ചിയാണ് തകർക്കപ്പെട്ടവയിൽ ഒന്ന്. ഒന്നിൽക്കൂടുതൽ മോഷ്ടാക്കൾ കൃത്യം നടത്താൻ എത്തിയിരുന്നുവെന്നാണ് പോലീസിൻറെ പ്രാഥമിക അന്വേഷണത്തിൽ വ്യക്തമാകുന്നത്. ആയുധം ഉപയോഗിച്ച് കാണിക്കവഞ്ചികൾ തകർത്തതിൻറെ ലക്ഷണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ആയുധങ്ങൾ കണ്ടെത്താനായിട്ടില്ല.

ദേവസ്വംബോർഡിൻറെ വകയായുള്ള ക്ഷേത്രത്തിൽ കുറച്ചുനാൾ മുമ്പും മോഷണമുണ്ടായിരുന്നു. അന്നു പോലീസ് നടത്തിയ പരിശോധനയിൽ ക്ഷേത്രമതിൽക്കെട്ടിനുള്ളിൽ ക്യാമറകൾ സ്ഥാപിക്കണമെന്ന നിർദേശമുണ്ടായിരുന്നു. എന്നാൽ മാസങ്ങൾ കഴിഞ്ഞിട്ടും ഈയൊരു നിർദേശം നടപ്പാക്കപ്പെട്ടില്ല. ക്ഷേത്രത്തിൻറെ മേൽക്കൂരയും ചുമരുകളും തമ്മിൽ അധികം ദൂരമില്ലാത്തതിനാൽ മുഖങ്ങൾ വ്യക്തമാകുമെന്നതാണ് ഇതിനു കാരണം. സംഭവമറിഞ്ഞ് വിരലടയാള വിദഗ്ധരും ഡോഗ്സ്ക്വാഡും സ്ഥലത്തെത്തി പരിശോധന നടത്തി. നിരവധി വിരലടയാളങ്ങൾ ലഭിച്ചിട്ടുണ്ടെന്നാണു സൂചന. കരമന സ്റ്റേഷൻ പരിധിയിലെ പ്രാദേശിക മോഷ്ടാക്കളെ കേന്ദ്രീകരിച്ചാണ് അന്വേഷണം. പ്രതികളെ എത്രയും വേഗം പിടികൂടാനാകുമെന്നാണു പ്രതീക്ഷയെന്നും കരമന സിഐ അറിയിച്ചു.

# മാത്യു കുഴൽനാടന് മന്ത്രിസ്ഥാനമില്ല: അതൃപ്തി പരസ്യമാക്കി മൂവാറ്റുപുഴയിലെ പ്രവർത്തകർ

കൊച്ചി: മാത്യു കുഴൽനാടനെ മന്ത്രിസഭയിൽ ഉൾപ്പെടുത്താത്തതിൽ മൂവാറ്റുപുഴയിലെ കോൺഗ്രസ് പ്രവർത്തകർക്ക് അതൃപ്തി.

ബ്ലോക്ക് പ്രസിഡൻറ് സാബു ജോൺ, ആവോലി മണ്ഡലം പ്രസിഡൻറ് വി. എസ്. ഷെഫാൻ, പായിപ്ര മണ്ഡലം കമ്മിറ്റി പ്രസിഡൻറ് ഷഹീർ മീനമറ്റം അടക്കമുള്ള പ്രവർത്തകരാണ് കടുത്ത അതൃപ്തി പ്രകടമാക്കി സമൂഹ മാധ്യമങ്ങളിൽ പോസ്റ്റ് പങ്കുവച്ചിരിക്കുന്നത്.

വകുപ്പു വിഭജനവുമായി ബന്ധപ്പെട്ട തർക്കങ്ങൾ തുടരവെയാണ് വിഡിഎസ് മന്ത്രിസഭയിൽ മാത്യു കുഴൽനാടനെ ഉൾപ്പെടുത്താത്തതിൽ കോൺഗ്രസ് പ്രവർത്തകർ പരസ്യമായി രംഗത്തെത്തിയിരിക്കുന്നത്. മാത്യു കുഴൽനാടനെ മന്ത്രിസ്ഥാനത്തേക്ക് പരിഗണിക്കുമെന്ന ചർച്ചകൾ ആദ്യം മുതലേ ഉണ്ടായിരുന്നു.

എന്നാൽ കുഴൽനാടനെ അവസാന ഘട്ടത്തിൽ പരിഗണിച്ചില്ല. മൂവാറ്റുപുഴ മണ്ഡലത്തിൽ ചരിത്ര ഭൂരിപക്ഷത്തിലാണ് ഇത്തവണ മാത്യു കുഴൽനാടൻ വിജയിച്ചത്. തെരഞ്ഞെടുപ്പ് ഫലം എത്തിയതിന് പിന്നാലെ നിയുക്ത മന്ത്രിക്ക് അഭിവാദ്യങ്ങൾ എന്ന പോസ്റ്റ് പ്രവർത്തകരടക്കം പങ്കുവച്ചിരുന്നു. കുഴൽനാടനെ മന്ത്രിയാക്കാത്തതിൽ അതൃപ്തി പുകയുകയാണ്.

മൂവാറ്റുപുഴ എംഎൽഎ മാത്യു കുഴൽനാടൻറെ പേര് മന്ത്രിസഭാ ലിസ്റ്റിൽ ഇല്ലെങ്കിൽ, നവകേരളത്തിൻറെ പുതുയുഗ നിർമാണത്തിലേക്കുള്ള ഈ യാത്ര അപൂർണമാണ്.

പിണറായി വിജയനെ നിയമസഭയിൽ അസ്വസ്ഥനാക്കിയ, 2018ലെ പ്രളയത്തിൻറെ കാരണംസർക്കാരിൻറെ പിടിപ്പുകേടാണെന്ന് പൊതുസമൂഹത്തോട് വിളിച്ചുപറഞ്ഞ്, യുഡിഎഫിൻറെ മുന്നേറ്റത്തിന് കാരണമായ ആ വ്യക്തിയെ എന്തുകൊണ്ട് മന്ത്രിസഭയിൽ ഉൾപ്പെടുത്തിയില്ല എന്ന് നേതാക്കൾ പറയണമെന്നാണ് സാബു ജോൺ പോസ്റ്റിൽ പറയുന്നത്.

അർഹതയുണ്ടായിരുന്നു, എന്തിൻറെ കാരണത്താൽ ആരോ വെട്ടി, സങ്കടം ഉണ്ട് എന്നാണ് ഷെഫാൻ വി. എസിൻറെ പോസ്റ്റ്. അർഹതകളുടെ കണക്കെടുക്കുമ്പോഴും കഴിവിൻറെ കാര്യത്തിലും ഒരു പിടി മുന്നിലായിരുന്നു എങ്കിലും സമവാക്യങ്ങൾ കൂട്ടിക്കിഴിച്ചു വന്നപ്പോൾ ഇത്തവണ കപ്പിനും ചുണ്ടിനും ഇടയിൽ നഷ്ടപ്പെട്ടു എന്നപോലെ മന്ത്രിസഭയിൽ ഇടം ലഭിച്ചില്ല എന്നാണ് ഷഹീർ മീനമറ്റത്തിൻറെ പോസ്റ്റിൽ പറയുന്നത്.

# മന്ത്രിയായി വെറുപ്പ് സമ്പാദിക്കുന്നതിലും നല്ലത് എംഎൽഎ ആയി തുടരുന്നതാണ്: ചാണ്ടി ഉമ്മൻ

തിരുവനന്തപുരം: മന്ത്രിയായി വെറുപ്പ് സമ്പാദിക്കുന്നതിലും നല്ലത് എംഎൽഎ ആയി തുടരുന്നതാണെന്ന് ചാണ്ടി ഉമ്മൻ. തൻറെ ഇടം ജനമനസിലാണ്. ഉമ്മൻചാണ്ടിയോടുള്ള സ്നേഹം ആണ് ജനങ്ങൾ തനിക്ക് നൽകുന്നതെന്നും ചാണ്ടി ഉമ്മൻ പറഞ്ഞു.

മന്ത്രിയായാൽ ജനങ്ങളിൽ നിന്ന് അകലാൻ സാധ്യതയുണ്ട്. വികസന കാര്യങ്ങളിൽ ചില പരിമിതികൾ വന്നേക്കും. എങ്കിലും ജനങ്ങളോടൊപ്പം നിൽക്കുന്നതാണ് പ്രധാനം. പാർട്ടിക്ക് ചില വ്യവസ്ഥകളുണ്ട്. അത് അവർ പറയും. മന്ത്രിസ്ഥാനത്ത് പേര് ഉണ്ടായിരുന്നെങ്കിൽ നേരത്തെ സൂചിപ്പിച്ചേനെയെന്നും ചാണ്ടി ഉമ്മൻ പ്രതികരിച്ചു.

മന്ത്രിയാകുമെന്ന് മുഖ്യമന്ത്രിയോ നേതൃത്വമോ ആരും തന്നോട് പറഞ്ഞിട്ടില്ലെന്ന് ചാണ്ടി ഉമ്മൻ പ്രതികരിച്ചു. മന്ത്രിയായി കാണണമെന്ന ജനങ്ങളുടെ ആഗ്രഹം മാധ്യമങ്ങൾ കൊടുത്തതാകും. ഒരുപാടുപേർ മന്ത്രിയായി കാണണമെന്ന് ആഗ്രഹിച്ചതായി തന്നോട് നേരിട്ടും പറഞ്ഞിട്ടുണ്ട്.

2011 മുതൽ തനിക്ക് തെരഞ്ഞെടുപ്പുകളിൽ മത്സരിക്കാൻ കഴിയുമായിരുന്നു. പക്ഷേ മത്സരിച്ചിട്ടില്ല. പ്രസ്ഥാനം തീരുമാനിക്കുമ്പോൾ മാത്രമേ ഏത് സ്ഥാനവും ഏറ്റെടുക്കൂ എന്നും ചാണ്ടി ഉമ്മൻ വ്യക്തമാക്കി.

മണ്ഡലത്തിലും ജനങ്ങൾക്കും വേണ്ടി പ്രവർത്തിക്കാൻ ധാരാളം സമയം ഉണ്ട്. എ. കെ. ആൻറണി സുഖത്തിലും ദുഃഖത്തിലും ഒരു പോലെ ഒപ്പം ഉള്ള കുടുംബാംഗമാണ്. കാണണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടതു കൊണ്ടാണ് കഴിഞ്ഞ ദിവസം പോയത്. മണ്ഡലത്തിൽ നിന്ന് ധാരാളം പേർ വന്നിരുന്നു.

അവർക്കൊപ്പം സത്യപ്രതിജ്ഞയ്ക്ക് നടന്ന് പോയതിൽ പുതുമ ഒന്നുമില്ലെന്നും ചാണ്ടി ഉമ്മൻ പ്രതികരിച്ചു.

## കളമശേരിയുടെ മന്ത്രി, ജനസാഗരമായി ആലുവ; റെയിൽവേ സ്റ്റേഷനിൽ അബ്ദുൾ ഗഫൂറിന് ഗംഭീര സ്വീകരണം

കൊച്ചി: മന്ത്രി വി. ഇ അബ്ദുൾ ഗഫൂറിന് ആലുവ റെയിൽവേ സ്റ്റേഷനിൽ ഗംഭീര സ്വീകരണം. നൂറുകണക്കിന് പ്രവർത്തകരാണ് റെയിൽവേ സ്റ്റേഷനിൽ മുദ്രാവാക്യവുമായി എത്തിയത്. ശബരി എക്സ്പ്രസിലാണ് അബ്ദുൾ ഗഫൂർ തിരുവനന്തപുരത്ത് നിന്നും ആലുവയിലേക്ക് എത്തിയത്. മുസ്ലിം ലീഗ്, കോൺഗ്രസ് പ്രവർത്തകരും മുൻസിപാലിറ്റി ചെയർമാൻമാരും അംഗങ്ങളുമടക്കം നിരവധി പേർ അബ്ദുൾ ഗഫൂറിനെ സ്വീകരിക്കാനായി എത്തിയത്. പിതാവ് വി. കെ. ഇബ്രാഹിം കുഞ്ഞിൻറെ ഖബറിടത്തിലേക്ക് പോയി പ്രാർഥന നടത്തിയ ശേഷമായിരിക്കും വീട്ടിലേക്ക് പോവുക. കളമശേരിയിൽ പി. രാജീവിനെ മലർത്തിയടിച്ചാണ് അബ്ദുൾ ഗഫൂർ മണ്ഡലം തിരിച്ചു പിടിച്ചത്. ആദ്യമായി എംഎൽഎ ആയപ്പോൾ തന്നെ മന്ത്രിസ്ഥാനം ലഭിച്ച മുസ്ലിം ലീഗ് നേതാവാണ് അബ്ദുൾ ഗഫൂർ. അതേസമയം, മുഖ്യമന്ത്രി വി. ഡി. സതീശനടക്കം അടക്കം നാലു മന്ത്രിമാരാണ് എറണാകുളം ജില്ലയിൽ നിന്നും യുഡിഎഫ് മന്ത്രിസഭയിലുള്ളത്. അങ്കമാലി എംഎൽഎ റോജി എം. ജോൺ, കേരള കോൺഗ്രസ് -ജേക്കബ് വിഭാഗത്തിൻറെ അനൂപ് ജേക്കബ് എന്നിവരാണ് മറ്റു രണ്ടു മന്ത്രിമാർ. രണ്ടര വർഷത്തെ ടേം വ്യവസ്ഥയിലാണ് അനൂപ് ജേക്കബ് മന്ത്രിയായത്. രണ്ടാം ടേമിൽ മാണി സി കാപ്പൻ മന്ത്രിയാകും.

## 'ലോക്കൽ കമ്മറ്റിയംഗത്തെക്കൊണ്ട് അച്ഛന് വിളിപ്പിച്ചാൽ പിന്നെ ഞാൻ ആ പാർട്ടിയിൽ നിൽക്കുമോ' – ജി. സുധാകരൻ

ആലപ്പുഴ: സിപിഎം ജില്ലാ സെക്രട്ടറിയേറ്റ് ആലപ്പുഴയിൽ നടക്കുന്ന അവസരത്തിൽ രൂക്ഷ വിമർശനവുമായി ജി. സുധാകരൻ.

ലോക്കൽ കമ്മിറ്റിയംഗത്തെക്കൊണ്ട് തൻറെ അച്ഛന് വിളിപ്പിച്ചാൽ പിന്നെ ഞാൻ ആ പാർട്ടിയിൽ നിൽക്കുമോ എന്ന് അദ്ദേഹം ചോദിച്ചു. സ്വന്തം അച്ഛനെ ബഹുമാനിക്കുന്നവർ ആരും പിന്നെ നിൽക്കില്ലെന്നും സുധാകരൻ മാധ്യമങ്ങളോടു പ്രതികരിച്ചു.

63 വർഷം എനിക്ക് ചെയ്യാവുന്ന സേവനങ്ങളെല്ലാം ചെയ്തു. കാൽ നൂറ്റാണ്ട് മുൻപ് മരിച്ചുപോയ എൻറെ അച്ഛനെ വരെ ചീത്ത വിളിക്കുകയും എന്നിട്ട് ഞങ്ങൾ ഭുവനേശ്വരൻറെ ആൾക്കാർ ആണെന്ന് പറയുകയും ചെയ്യുന്നവരാണ് സിപിഎമ്മിലെ ചില ആളുകൾ.

ഭുവനേശ്വരൻറെ അച്ഛനാണ് എൻറെ അച്ഛൻ. ഭുവനേശ്വരൻ രക്തസാക്ഷി ആയത് എങ്ങനെയെന്ന് എനിക്കറിയാം. ഭുവനേശ്വരൻറെ കാര്യത്തിൽ ഇവരാരും പൂങ്കണ്ണീർ ഒഴുക്കേണ്ട. ആ കേസ് മുഴുവനും നടത്തിയത് ഞങ്ങളുടെ വീട്ടിലെ കാശു കൊണ്ടാണ്. അതിനൊന്നും ആരോടും പരാതിയും പറഞ്ഞിട്ടില്ലെന്നും സുധാകരൻ കൂട്ടിച്ചേർത്തു.

താൻ സിപിഎമ്മിൽ നിന്ന് പോയതിന് കാരണം പാർട്ടിയിലുള്ള ചില ആളുകൾ തന്നെയാണ്. മോഷ്ടിക്കുകയും വെള്ളമടിക്കുകയും ചെയ്യുന്നവർ മതി പാർട്ടിയിൽ.

വൃത്തികെട്ട ആശയങ്ങളും മുതലാളിത്ത ആശയങ്ങളും ഉൾക്കൊള്ളുന്ന, സ്ഥാനമോഹികളും സാമ്പത്തിക മോഹികളുമായ ആളുകൾ ഈ പാർട്ടിയിൽ ഇടപെട്ട് നശിപ്പിച്ചതിനെപ്പറ്റിയാണ് പാർട്ടിയിൽ താൻ സംസാരിച്ചുകൊണ്ടിരുന്നതെന്നും സുധാകരൻ ആഞ്ഞടിച്ചു.

## പത്ത് വർഷത്തെ കാത്തിരിപ്പിന് വിരാമം; സെക്രട്ടേറിയറ്റ് സമരഗേറ്റ് തുറന്നു

തിരുവനന്തപുരം: നീണ്ട പത്തുവർഷത്തെ ഇടവേളക്കുശേഷം സെക്രട്ടേറിയറ്റ് സമരഗേറ്റ് തുറന്നു. ഇന്നലെ സെക്രട്ടേറിയറ്റിലെ കോൺഗ്രസ് അനുകൂല സംഘടനകളാണ് ഗേറ്റ് തുറന്നത്. ഗേറ്റിനു മുന്നിൽ ഉണ്ടായിരുന്ന ബാരിക്കേഡുകളെല്ലാം നീക്കി. നോർത്ത് ഗേറ്റ് വഴി പൊതുജനങ്ങൾ സെക്രട്ടേറിയറ്റിലേക്ക് എത്തിയതോടെയാണ് സുരക്ഷാ ഭീഷണി ചൂണ്ടിക്കാട്ടി മുൻ സർക്കാർ ഗേറ്റ് അടച്ചത്. ഈ ഗേറ്റിലൂടെ കയറുന്ന വഴിയിലാണ് മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ പ്രവർത്തിച്ചിരുന്നത്.

നിലവിൽ ഉദ്യോഗസ്ഥർക്കും മന്ത്രിവാഹനങ്ങൾക്കുമാണ് പ്രവേശനം അനുവദിച്ചത്. പൊതുജനങ്ങൾ കൻറോൺമെൻറ് ഗേറ്റിലൂടെ തന്നെ പ്രവേശിക്കണം. സെക്രട്ടേറിയറ്റിൻറെ നോർത്ത് ഗേറ്റിനെയാണ് സമരഗേറ്റ് എന്ന് വിളിക്കുന്നത്. സർക്കാരിനെതിരെയുള്ള സമരങ്ങളും മാർച്ചുകളും പ്രധാനമായും അവസാനിക്കുന്നത് ഈ ഗേറ്റിന് മുന്നിലാണ്. അതിനാലാണ് ഈ പേരു വന്നത്. അതേസമയം പോലീസ് ഇവിടെ കനത്ത സുരക്ഷയാണ് ഒരുക്കിയിരിക്കുന്നത്.

# ചാണ്ടി ഉമ്മനെ മന്ത്രിസഭയിൽ നിന്നൊഴിവാക്കിയതിൽ പ്രതിഷേധം

തിരുവനന്തപുരം: ഉമ്മൻ ചാണ്ടിയുടെ നിര്യാണശേഷം കേരളത്തിൽ അധികാരത്തിലെത്തിയ ആദ്യ യുഡിഎഫ് മന്ത്രിസഭയിൽ നിന്ന് ഉമ്മൻ ചാണ്ടിയുടെ മകൻ, ചാണ്ടി ഉമ്മനെ ഒഴിവാക്കിയതിൽ വ്യാപക പ്രതിഷേധം ഉയരുന്നു.

സാധാരണക്കാരുടെയും പിന്നോക്ക ജനതയുടെയും ജീവിത പുരോഗതിക്കും അവരുടെ ക്ഷേമത്തിനുമായി ജീവിതമുഴിഞ്ഞ് വച്ച് നേതാവായിരുന്നു ഉമ്മൻ ചാണ്ടിയെന്നും, ഏതൊരാൾക്കും ഒരുവിധ നിയന്ത്രണങ്ങളുമില്ലാതെ ഏത് സമയത്തും ആശ്രയിക്കുവാൻ കഴിയുന്ന ജനകീയ നേതാവായിരുന്നു അദ്ദേഹം. എതിരാളികൾ മരണാനന്തരവും അദ്ദേഹത്തെ വേട്ടായാടിയപ്പോൾ, അതിനെ ചെറുക്കുവാൻ പരിശ്രമിക്കാത്തവർ ചാണ്ടി ഉമ്മനെ മന്ത്രിസഭയിൽ നിന്നൊഴിവാക്കിയതിലൂടെ കേരള ജനതയെ വഞ്ചിക്കുകയാണ് ചെയ്തതെന്ന് ഓൾ ഇന്ത്യ ഒബിസി മഹാജനസംഘം ആരോപിച്ചു.

ജീവിതാവസാനം വരെ നിസ്വാർത്ഥമായി സേവനം നടത്തിയ ഉമ്മൻ ചാണ്ടിയെ എതിരാളികൾ നിഷ്കരുണം ആരോപണങ്ങളിലൂടെ തകർക്കുവാൻ ശ്രമിച്ചപ്പോഴും പാർട്ടിയുടെ പിന്തുണയെക്കാൾ അദ്ദേഹം വിശ്വസിച്ചതും, സാധാരണക്കാരും പാവപ്പെട്ടവരുമടങ്ങുന്ന, കേരളത്തിലെ പിന്നോക്ക ജനവിഭാഗത്തെയായിരുന്നു. ആ ജനവിഭാഗമായിരുന്നു അദ്ദേഹത്തിന്റെ ശക്തിയും പ്രചോദനവും.

ഉമ്മൻ ചാണ്ടിയെ ദൈവതുല്യനായി കണ്ട് വിശ്വസിച്ച ജനവിഭാഗത്തെ വഞ്ചിക്കുകയാണ് ചാണ്ടി ഉമ്മനെ മന്ത്രിസഭയിൽ നിന്നൊഴിവാക്കിയതിലൂടെ കോൺഗ്രസ്സ് നടത്തിയതെന്നും ഓൾ ഇന്ത്യ ഒബിസി മഹാജന സംഘം സംസ്ഥാന പ്രസിഡന്റ് പി. സ്റ്റെല്ലസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ഭാരവാഹി യോഗം കുറ്റപ്പെടുത്തി. യോഗത്തിൽ ദേശീയ വർക്കിംഗ് പ്രസിഡന്റ് റ്റി.പി.പ്രേംകുമാർ, ദേശീയ വൈസ് പ്രസിഡന്റ് ജഗതി രാജൻ, സംസ്ഥാന ഭാരവാഹികളായ അഡ്വ. ഷാബു സുകുമാരൻ, ജ്യോതികുമാർ വെഞ്ഞാറമൂട് , മഞ്ജു സന്തോഷ് കുമാർ എന്നിവർ സംസാരിച്ചു.

യുഡിഎഫിന്റെ ജനവഞ്ചനക്കെതിരെ സംസ്ഥാന വ്യാപകമായി പ്രതിഷേധം സംഘടിപ്പിക്കുമെന്നുംഓൾ ഇന്ത്യ ഒബിസി മഹാജന സംഘം സംസ്ഥാന കമ്മിറ്റി അറിയിച്ചു.

## യുവതിയുടെ മരണം; ദുബാരെ ആനത്താവളത്തിൽ സന്ദർശന നിയന്ത്രണം ഏർപ്പെടുത്തി

ബംഗളൂരു: കർണാടകത്തിലെ കുടഗിൽ ദുബാരെ ആനത്താവളത്തിൽ സന്ദർശന നിയന്ത്രണം ഏർപ്പെടുത്തി. രണ്ട് ദിവസത്തേയ്ക്കാണ് സന്ദർശകർക്ക് നിയന്ത്രണം ഏർപ്പെടുത്തിയത്.

കഴിഞ്ഞ ദിവസം ആനകൾ ഏറ്റുമുട്ടുന്നതിനിടയിൽ കുടുങ്ങിയ സ്ത്രീ മരിച്ചതിന് പിന്നാലെയാണ് നിന്ത്രണം ഏർപ്പെടുത്തിയത്. ചെന്നൈ സ്വദേശിയായ തുളസി (33) ആണ് മരിച്ചത്. ജോലിക്കാരും ബന്ധുക്കളും രക്ഷിക്കാൻ ശ്രമിച്ചെങ്കിലും പറ്റിയില്ല.

കുളിപ്പിക്കുന്നതിനിടെ ആനകൾ കൊമ്പ് കോർക്കുകയായിരുന്നു. ഇതിനിടയിൽ ആനകളിലൊന്ന് മറിഞ്ഞ് വീണത് തുളസിയുടെ ദേഹത്തേക്കായിരുന്നു. കുത്തേറ്റ ആനയുടെ പരിക്ക് ഗുരുതരമാണ്. ആനകളിൽ നിന്ന് വിനോദ സഞ്ചാരികളെ സുരക്ഷിത അകലത്തിൽ നിർത്താൻ നിർദേശം നൽകിയിട്ടുണ്ട്.

## ഫ്ലാറ്റിൽ നിന്നു വീണ് യുവാവ് മരിച്ചു

ചണ്ഡീഗഡ്: ഹരിയാനയിലെ ഗുരുഗ്രാമിൽ ഫ്ലാറ്റിൽ നിന്നു വീണ് യുവാവ് മരിച്ചു. ബാങ്ക് ഉദ്യോഗസ്ഥനായ ആദിൽ അഹമ്മദ് ഖാൻ (37) ആണ് മരിച്ചത്. മാറ്റുകളും കാർപ്പെറ്റുകളും ഉണാക്കാനിടുതിനായി കെട്ടിടത്തിൻറെ ടെറസിലേക്ക് പോയപ്പോഴായിരുന്നു അപകടം. ഇതിനിടെ കാൽ വഴുതി വീഴുകയായിരുന്നു. ഉടൻ തന്നെ ഇദ്ദേഹത്തെ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല. പോസ്റ്റ്മോർട്ടത്തിന് ശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടുനൽകി. സംഭവത്തിൻറെ കൃത്യമായ വിവരം അറിയിന്നതിനായി കെട്ടിടത്തിലും പരിസരത്തുമുള്ള സിസിടിവി ദൃശ്യങ്ങൾ പോലീസ് പരിശോധിച്ച് വരികയാണ്. സംഭവത്തിൽ പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.